**അടിയന്തരപ്രമേയം**

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷൻ നടപടികൾ അവസാനഘട്ടത്തിലെത്തി നിൽക്കുമ്പോൾ പല കോളേജുകളും ഗവൺമെന്റിന്റെ പിന്തുണയോടെ തലവരിപ്പണം ഈടാക്കുന്നതായി വ്യാപകമായ പരാതികൾ ഉയരുന്നതുമൂലവും സുപ്രീംകോടതി വിധിപ്രകാരം അഡ്മിഷൻ പൂർത്തിയാക്കാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് ഏർപ്പെടുത്താൻ തയ്യാറാകാതെ സ്വകാര്യമാനേജ്മെന്റിന് വിദ്യാഭ്യാസക്കൊള്ള നടത്താൻ ഗവൺമെന്റ് കൂട്ടുനിൽക്കുന്നതുമൂലവും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. റ്റി. ബൽറാം, പി. ബി അബ്ദുൾ റസാക്ക് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി ശൈലജ ടീച്ചർ): സർ, രണ്ടുമൂന്ന് തവണ സഭയിൽ ഇതേ വിഷയത്തെക്കുറിച്ച് ഗവൺമെന്റിന്റെ

അഭിപ്രായവും നിലപാടും വ്യക്തമാക്കിയതാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരികയും അവർ സർക്കാരുമായി എഗ്രിമെന്റ് ഉണ്ടാക്കിക്കൊണ്ട് സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി അലോട്ട്മെന്റ് നടത്തുന്നതിനും മെരിറ്റ് സീറ്റ് ഗവൺമെന്റിന് വിട്ടുതരുന്നതിനും അവസരമുണ്ടാക്കി എന്നുള്ളതുമാണ് ഇത്തവണത്തെ സ്വാശ്രയ എഗ്രിമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത.

കഴിഞ്ഞ അസംബ്ലിയിൽ പറഞ്ഞതുപോലെ കൂടുതൽ മെരിറ്റ് സീറ്റുകൾ സർക്കാരിന്/ജനങ്ങൾക്ക് അനുകൂലമായി കിട്ടിയെന്നുള്ളതും പ്രത്യേകിച്ച് അടിവരയിട്ട് സൂചിപ്പിക്കേണ്ട കാര്യമാണ്. ഇത്തവണ അലോട്ട്മെന്റ് നടത്തുന്ന കാര്യത്തിലുണ്ടായിട്ടുള്ള എല്ലാ വിശദാംശങ്ങളും നേരത്തെ വ്യക്തമാക്കിയതുകൊണ്ട് അത്തരം കാര്യങ്ങൾ കൂടുതലായി പറയുന്നില്ല. എങ്ങനെയാണ് അലോട്ട്മെന്റ് നടക്കുന്നതെന്ന് പ്രതിപക്ഷത്തിനും അറിയാവുന്നതാണ്. സർക്കാരുമായി ഒപ്പിട്ട കോളേജുകൾക്ക് അലോട്ട്മെന്റിനായി അനുവദിച്ച ദിവസം 28-ാം തീയതിയോടുകൂടി അവസാനിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പുതിയ വിധിയനുസരിച്ച്, ഇനി ഏതെങ്കിലും സീറ്റുകൾ ഒഴിവുണ്ടെങ്കിൽ, ആ വേക്കൻസിയിൽ സർക്കാർതന്നെ അലോട്ട്മെന്റ് നടത്തുന്നതാണ്. അലോട്ട്മെന്റ് പൂർത്തിയാക്കാനായി അവർക്ക്

നിശ്ചയിച്ചുകൊടുത്ത തീയതിക്കുശേഷം വരുന്ന എല്ലാ അലോട്ട്മെന്റുകളും സർക്കാർ ഏകീകൃത അലോട്ട്മെന്റിലൂടെ നടത്താവുന്നതാണെന്നാണ് സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. മുഴുവൻ അലോട്ട്മെന്റുകളും സർക്കാർ നടത്തുമെന്നതാണ് കേരളത്തിലെ ഗവൺമെന്റിന്റെ നിലപാട്.

സ്വകാര്യ-സ്വാശ്രയ മാനേജുമെന്റുകൾ ഹൈക്കോടതിയിൽ പോയി സമ്പാദിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് 50 ശതമാനം സീറ്റുകളിൽ അവർക്ക് അലോട്ട്മെന്റ് നടത്താമെന്ന അവസ്ഥ വന്നത്. അക്കാര്യവും ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. സർക്കാർ ഏറ്റെടുത്തിട്ടുള്ള 50 ശതമാനം മെരിറ്റ് സീറ്റും ഗവൺമെന്റ് കോളേജുകളുടെ അലോട്ട്മെന്റും പൂർത്തിയാക്കാൻ നവംബർ 30 വരെയാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. അലോട്ട്മെന്റ് നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ 28-ാം തീയതിക്കുശേഷം ഏതെങ്കിലും സീറ്റുകളിൽ അലോട്ട്മെന്റ് നടത്താതെ ബാക്കി വയ്ക്കുകയാണെങ്കിൽ അതുംകൂടി സർക്കാർ അലോട്ട്മെന്റായി എടുക്കും. എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റിന്റെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യ ദിവസം തന്നെ എട്ട് കോളേജുകൾ ലിസ്റ്റ് കൊടുത്തിട്ടുണ്ട്. അതിൽ വേക്കൻസിയൊന്നും ഉണ്ടായിരുന്നില്ല. ബാക്കിയുള്ള ലിസ്റ്റ് ശേഖരിച്ചുവരുന്നുണ്ട്. വേക്കൻസിയുണ്ടെങ്കിൽ അത് മാനേജ്മെന്റിന്

കൊടുക്കുന്നതല്ല. മൂന്ന് കോളേജുകളാണ് സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതെ അവർക്ക് തോന്നിയ രീതിയിൽ അലോട്ട്മെന്റ് നടത്താൻ തയ്യാറായത്. അവർ ഹൈക്കോടതിയിൽ പോകുകയും ഉയർന്ന ഫീസ് വാങ്ങി അലോട്ട്മെന്റ് നടത്താനുള്ള വിധി ഹൈക്കോടതി കൊടുക്കുകയും ചെയ്തെന്നുള്ളതാണ് ഖേദകരമായ വസ്തുത. പത്ത് ലക്ഷം രൂപ ഫീസ് വാങ്ങിക്കൊണ്ട് അലോട്ട്മെന്റ് നടത്താനാണ് ഹൈക്കോടതി അവർക്ക് അനുവാദം നൽകിയിട്ടുള്ളത്. ഫീ റെഗുലേറ്ററി കമ്മിറ്റി പിന്നീടത് പരിശോധിക്കണമെന്നുള്ള ക്ലോസുകൂടി അതിലുണ്ട്. അവരുടെ അലോട്ട്മെന്റ് സുതാര്യമല്ല. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേതു പോലെയല്ലെന്ന് മനസ്സിലായതുകൊണ്ട് ഈ രണ്ട് കോളേജുകൾ നടത്തിയിട്ടുള്ള അലോട്ട്മെന്റ് പരിശോധിച്ച് അതിലെ അപാകത മനസ്സിലാക്കി അത് റദ്ദാക്കാൻ കഴിയുമോ എന്നാണ് നോക്കുന്നത്. ഇന്നലെ ചേർന്ന ജെയിംസ് കമ്മിറ്റി യോഗത്തിൽ അടിയന്തരമായി ഇക്കാര്യം പരിശോധിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തു. അങ്ങനെ മാൽപ്രാക്ടീസ് നടന്നതായി ബോദ്ധ്യം വന്നാൽ ആ അലോട്ട്മെന്റ് റദ്ദാക്കിക്കൊണ്ട് സർക്കാർ ഏകീകൃത അലോട്ട്മെന്റുതന്നെ ഈ കോളേജിലും നടത്താൻ വേണ്ടിയാണ് ഇപ്പോൾ തീരുമാനിക്കുന്നത്.

കെ.എം.സി.ടി. മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചത് അവസാനമാണ്. അവർ കോടതിയിൽ പോയാണ് അംഗീകാരം നേടിയത്. പത്ത് ലക്ഷം രൂപ വീതം ഫീസ് വാങ്ങി അലോട്ട്മെന്റ് നടത്താനാണ് ഹൈക്കോടതി അവർക്ക് അനുവാദം കൊടുത്തിരിക്കുന്നത്. ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. നിയമനടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഇന്നലെത്തന്നെ ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. ലീഗൽ അഡ്വൈസ് നേടിക്കൊണ്ട് എങ്ങനെയാണ് ഇവരെ വരുതിയിൽ കൊണ്ടുവരിക, മാൽപ്രാക്ടീസ് അവസാനിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഇന്നലെ രാത്രി 10.30 വരെ ചേർന്ന യോഗത്തിൽ ജെയിംസ് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ പരാതി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി അലോട്ട്മെന്റിന്റെ കാര്യം മാത്രമാണ് പരിഗണിക്കുന്നത്; ഫീസിന്റെ കാര്യം ചർച്ച ചെയ്തിരുന്നില്ല. മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളുടെയെല്ലാം അലോട്ട്മെന്റ് മാത്രമാണ് സുപ്രീംകോടതിയുടെ പർവ്യൂവിൽ വന്നിട്ടുള്ളത്. സർക്കാരുമായി എഗ്രിമെന്റിൽ ഒപ്പുവച്ച കോളേജുകളിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് തുകയിൽ കവിഞ്ഞ് ഫീസ് ഈടാക്കാൻ ഈ എഗ്രിമെന്റിൽ ഒപ്പിടാത്ത കോളേജുകൾ തയ്യാറാകുന്ന

എന്നുള്ള കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് സുപ്രീംകോടതിയെ സമീപിക്കും. ഫീസിന്റെ കാര്യം കൂടി ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് അതുസംബന്ധിച്ച നിയമ നടപടിയിലേക്ക് പോകുകയാണ്.

ഇവിടെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വലിയ ആക്ഷേപമാണ് ഉണ്ടായത്. റീ-ഫണ്ടബിൾ ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി എന്നിവ വാങ്ങുന്ന തുടങ്ങിയ കാര്യങ്ങളാണ് അടിയന്തരപ്രമേയാവതരണത്തിന് നല്കിയ നോട്ടീസിൽ പറയുന്നത്. കൂടാതെ തലവരിപ്പണം വാങ്ങുന്ന കാര്യവും പറയുന്നുണ്ട്. തലവരിപ്പണം വാങ്ങിയതായി വ്യക്തമായ തെളിവ് കിട്ടിയാൽ ഈ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവിടെ തലവരിപ്പണം വാങ്ങുന്നു, ഇവിടെ വാങ്ങുന്നു, അങ്ങനെ പറയുകയല്ല വേണ്ടത്. മുഖ്യമന്ത്രിയും വളരെ വ്യക്തമായി ഇക്കാര്യത്തിൽ ഉറപ്പു നല്കിയിട്ടുണ്ട്. ക്യാപിറ്റേഷൻ ഫീ അനുവദിക്കില്ല; അതു സർക്കാരുമായി ഒപ്പുവച്ച കോളേജായാലും ഒപ്പുവയ്ക്കാത്ത കോളേജായാലും തലവരിപ്പണം വാങ്ങുന്നുവെന്ന് പരാതി കിട്ടിയാൽ അതിനെപ്പറ്റി വ്യക്തമായി അന്വേഷണം നടത്തുകയും ചെയ്യും. ജെയിംസ് കമ്മിറ്റിയുടെ മുമ്പാകെ വരുന്ന എല്ലാ പരാതികളും അന്വേഷിക്കും, അതിന് യാതൊരു സംശയവും വേണ്ട.

അങ്ങനെ തലവരിപ്പണം വാങ്ങിയെന്ന് തെളിഞ്ഞാൽ വളരെ ശക്തമായ നടപടി സ്വീകരിക്കുമെന്നുള്ള കാര്യം വീണ്ടും ഈ ഗവൺമെന്റ് ഉറപ്പുനല്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധിതവണ ഇത് സഭാതലത്തിലും പുറത്തുമെല്ലാം വ്യക്തമാക്കിയിട്ടുള്ളതാണ്. മറ്റൊരു കാര്യം നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളത് ബാങ്ക് ഗ്യാരന്റിയെക്കുറിച്ചാണ്. ബാങ്ക് ഗ്യാരന്റി വാങ്ങാവുന്നതാണ് എന്ന് സുപ്രീംകോടതിയുടെ ഓർഡറിലുള്ളതാണ്, ഞങ്ങൾക്കത് മാറ്റാൻ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റ് ഒപ്പുവച്ച എഗ്രിമെന്റിലും റീഫണ്ടബിൾ ഡെപ്പോസിറ്റും അതുപോലെതന്നെ ബാങ്ക് ഗ്യാരന്റിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞതവണ ഒപ്പുവച്ച കരാർ പ്രതിപക്ഷാംഗങ്ങൾ വായിച്ചുനോക്കണം. പ്രതിപക്ഷത്തിന് മറ്റ് വിഷയമൊന്നുമില്ലാതിരിക്കുമ്പോൾ, ഇത്രയും നല്ലൊരു കരാർ ഒപ്പിട്ടത് അംഗീകരിക്കുന്നതിനുപകരം, എല്ലാ ദിവസവും ഇതേ കാര്യം പറഞ്ഞ് ബഹളമുണ്ടാക്കുന്നത് വിഷയദാരിദ്ര്യം എന്നുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇത്രയും ജനോപകാരപ്രദമായ ഒരു കരാർ ഒപ്പിട്ടതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിനുപകരം തുടർച്ചയായി ബഹളമുണ്ടാക്കുന്നത് ജനങ്ങൾ കാണുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം അവർ തീരുമാനിക്കും. അത്രയേ എനിക്ക് പറയാനുള്ളൂ. നല്ലരീതിയിൽ തലവരിപ്പണം വാങ്ങുന്നില്ലായെന്ന് ഞങ്ങൾ

പറയുന്നില്ല; വാങ്ങുന്നതായി ഗവൺമെന്റിന് മുന്നിൽ തെളിഞ്ഞാൽ ശക്തമായ നടപടിയെടുക്കും. തലവരിപ്പണം വാങ്ങാതിരിക്കാനാണ് ഈ കരാർ ഒപ്പുവച്ചിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. കെ. ബാലൻ : അഞ്ചുദിവസമായി ഒരേ വിഷയം ഈ സഭയിൽ ചർച്ച ചെയ്യപ്പെടുകയാണ്. (........ബഹളം.......)

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറാണ്. അദ്ദേഹം പറയട്ടെ......

ശ്രീ. എ. കെ. ബാലൻ: സർ, ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ ഇതേവിഷയവുമായി ബന്ധപ്പെട്ട് ഒരു രൂപത്തിലും ഇനി ചർച്ച ചെയ്യാൻ അനുവദിക്കില്ലായെന്ന് റൂളിംഗ് കൊടുത്തതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് എതിരായിട്ടാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഈ പ്രമേയം വന്നിട്ടുള്ളത്. ആ കാര്യം കൂടി ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണം. ഇത്രയേ എനിക്ക് പറയാനുള്ളൂ. അല്ലെങ്കിൽ എല്ലാ ദിവസവും ഒരേ വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയമായിരിക്കും; അങ്ങനെ ഒരു സഭ മുന്നോട്ട് കൊണ്ടുപോകാൻ

പറ്റുമോ? ........(ബഹളം).......

മി. സ്പീക്കർ: ഒരു സഭാസമ്മേളനത്തിൽ ഒരേ വിഷയം തന്നെ തുടർച്ചയായി അടിയന്തരപ്രമേയമായി കൊണ്ടുവരുന്നത് ശരിയല്ലായെന്ന് ഇന്നലെ ഞാൻ റൂളിംഗ് കൊണ്ടുവന്നു. അതുശരിയാണ്. എന്നാൽ ഇന്നത്തെ അടിയന്തരപ്രമേയാവതരണത്തിന് ലഭ്യമാക്കിയിട്ടുള്ള നോട്ടീസിൽ തലവരിപ്പണവുമായി ബന്ധപ്പെട്ടുള്ള കാര്യംകൂടി വന്നിട്ടുള്ളതുകൊണ്ടാണ് ഞാനത് അനുവദിച്ചത്.

ശ്രീ. വി. റ്റി. ബൽറാം: സർ, ഈ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് ഞങ്ങൾ നല്കിയ നോട്ടീസിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആരോപണം ബഹുമാന്യയായ ആരോഗ്യവകുപ്പുമന്ത്രി ഈ സഭയിൽ അല്പം മുമ്പ് സമ്മതിച്ചിരിക്കുകയാണ്. അതുതന്നെയാണ് ഈ അടിയന്തരപ്രമേയത്തിന്റെ സാംഗത്യവും. ബഹുമാന്യയായ മന്ത്രി അല്പംമുമ്പ് ഇവിടെ പറഞ്ഞു, ഈ നാട്ടിൽ ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നില്ലെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കില്ലായെന്ന്. അതു വാങ്ങുന്നുണ്ടെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ അംഗീകരിച്ചിരിക്കുന്നു. സ്വാശ്രയ കരാറിൽ ഒപ്പിടുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിരുന്ന പ്രധാനപ്പെട്ട ഒരു വാദഗതി എന്താണ്? ഞങ്ങളിതാ ഗവൺമെന്റ് മേഖലയിൽ സീറ്റ് കൂട്ടുന്നു. ........

(ബഹളം)....... എന്താണിത്....... ഞാൻ ആരംഭിച്ചിട്ട് 50 സെക്കൻഡുപോലുമായിട്ടില്ല. ........(ബഹളം).......

<u>മി. സ്പീക്കർ:</u> അങ്ങ് സംസാരിക്കൂ ........പ്ലീസ്....പ്ലീസ്........ ഇരിക്കൂ. ശ്രീ. ബൽറാം സംസാരിക്കൂ.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ അവകാശവാദം, ഗവൺമെന്റ് മേഖലയിൽ സീറ്റ് കൂട്ടുന്നു; പാവപ്പെട്ട കുട്ടികൾക്ക് ചുരുങ്ങിയ ഫീസിൽ പഠിക്കാനുള്ള സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്നു; അതിന്റെ ഭാഗമായി ഒരല്പം ഫീസ് കൂടിയാലും കുഴപ്പമില്ലായെന്നുള്ളതാണ് ഗവൺമെന്റ് പറയുന്നത്. മാനേജ്മെന്റുകളുടെ പുറംവരായ്ക ഞങ്ങളിതാ ഇല്ലാതാക്കിയിരിക്കുന്നുവെന്നും പാവപ്പെട്ട മാനേജ്മെന്റുകൾ ഇനി കഞ്ഞികുടിക്കാൻ നിവൃത്തിയില്ലാതെ ബി.പി.എൽ. കാർഡിലേക്ക് മാറേണ്ട സാഹചര്യമുണ്ടാവുകയാണെന്നും അതുകൊണ്ട് ഞങ്ങളിതാ അവരെ സഹായിക്കാൻ കടന്നുവരികയാണെന്നും ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നു. എല്ലാവരെയും സഹായിക്കുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്ന ആളുകളാണല്ലോ. മാനേജ്മെന്റുകളുടെ പ്രശ്നം ഞങ്ങളിതാ പരിഹരിക്കാൻ വരുന്നു; അവർക്ക് ഫീസ് കൂട്ടിക്കൊടുക്കുന്നു എന്നൊക്കെയാണ് ഗവൺമെന്റിന്റെ വാദഗതി. എങ്ങനെയാണ്

ഇവിടെ ഗവൺമെന്റ് മേഖലയിൽ കുറച്ചെങ്കിലും സീറ്റ് കൂടിയിട്ടുള്ളത്? ഇവിടെ പുതിയ കോളേജുകൾ വരുന്നു. ഈ പുതിയ കോളേജുകൾ വരുന്നതിൽ ഗവൺമെന്റിന് എന്തെങ്കിലും റോൾ ഉണ്ടോ? ........(ബഹളം).......

മി. സ്പീക്കർ: ..........പ്ലീസ്...... .......പ്ലീസ്......ഇരിക്കൂ

ശ്രീ. വി. റ്റി. ബൽറാം: സർ, നിലവിലുള്ള കോളേജുകൾക്ക് Medical Council of India സീറ്റ് കൂട്ടിക്കൊടുക്കുന്നു. ഗവൺമെന്റിന് വല്ല റോളുമുണ്ടോ? ഗവൺമെന്റിന്റെ ഇടപെടൽ മൂലം എന്നുപറയാവുന്ന ഏകകാര്യം ഗവൺമെന്റ് പുതിയ ചില കോളേജുകളെക്കൂടി കരാറിലേക്ക് കൊണ്ടുവരുന്നുവെന്നതാണ്. ഞങ്ങൾ അത് അംഗീകരിക്കുകയാണ്. .......(ബഹളം)....... ആ കോളേജുകളിലുൾപ്പെട്ട പല കോളേജുകളും ഇന്ന് കരാറിൽ നിന്ന് പിറകോട്ടു പോകുകയാണ്. അങ്ങനെ വരുമ്പോൾ ഈ ഗവൺമെന്റിന്റെ കരാറുമായി ബന്ധപ്പെട്ട ഏക അവകാശവാദം പോലും ഇവിടെ പൊളിഞ്ഞുവീഴുകയാണ്. കൂടുതൽ സീറ്റിന്റെ വർദ്ധനവ് ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായിട്ടുണ്ടായി. 'മെറിറ്റ് സീറ്റിൽ' എന്നുപറയുന്ന ഏക അവകാശവാദം പോലും ഇവിടെ ഇല്ലാതാവുകയാണ്. ഇവിടെ ക്യാപ്പിറ്റേഷൻ ഫീ എന്നുള്ളത് പച്ചയായ ഒരു യാഥാർത്ഥ്യമായി ഇന്നു മാധ്യമങ്ങൾ വെളിച്ചത്തു കൊണ്ടുവരികയാണ്. ........(ബഹളം).......

<u>മി. സ്പീക്കർ:</u> പ്ലീസ്... പ്ലീസ്.. ഇരിക്കൂ...... ഇരിക്കൂ... ........(ബഹളം).......

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഇങ്ങനെ തടസ്സപ്പെടുത്തുകയാണോ, എനിക്ക് കാര്യങ്ങൾ വിശദീകരിക്കാൻ അവസരം തരണ്ടേ; ഇത്ര അസ്വസ്ഥത കാണിക്കേണ്ട കാര്യമുണ്ടോ? ........(ബഹളം).......

<u>മി. സ്പീക്കർ:</u> .......പ്ലീസ്... പ്ലീസ്........ ഇരിക്കൂ..... അങ്ങേക്ക് മാത്രമേ മൈക്ക് അനുവദിച്ചിട്ടുള്ളൂ. അങ്ങ് പറഞ്ഞോളൂ. ........(ബഹളം)....... സംസാരിക്കുമ്പോൾ കമന്റ് പറയുന്ന സ്വഭാവം ഇരുപക്ഷത്തുമുണ്ട്. അത് നിർഭാഗ്യകരമാണ്. ........(ബഹളം).......

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഇങ്ങനെ ഡിസ്റ്റർബായാൽ സഭ ഓർഡറാക്കണ്ടേ; നമുക്ക് ശ്രദ്ധയോടെ സംസാരിക്കാൻ കഴിയണ്ടേ. സ്വാശ്രയ മുതലാളിമാരെ വിമർശിക്കാൻ തുടങ്ങിയപ്പോഴേക്കും ഇത്ര അസ്വസ്ഥതപ്പെടാൻ കാര്യം എന്താണ്? ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നുവെന്നും അത് നിയന്ത്രിക്കണമെന്നും ഞാൻ പറഞ്ഞു തുടങ്ങുമ്പോഴേക്കും ഇത്രമാത്രം ബഹളമുണ്ടാക്കേണ്ട കാര്യമെന്താണ്; അതിൽ ഇത്ര അസ്വസ്ഥത എന്താണ്? ........(ബഹളം) .......

<u>മി. സ്പീക്കർ:</u> ........പ്ലീസ്..... പ്ലീസ്......

<u>ശ്രീ. വി. റ്റി. ബൽറാം:</u> ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുവെന്ന്

ഗവൺമെന്റിനുപോലും അംഗീകരിക്കേണ്ട സാഹചര്യം വന്നിരിക്കുകയാണ്. കാരണം അതുസംബന്ധിച്ച വാർത്തകൾ മാധ്യമങ്ങൾ പുറത്തു വിടുകയാണ്... (ബഹളം)....ഇവിടെ അവസാന ദിവസത്തെ അഡ്ജ്മിഷനെക്കുറിച്ച് പറഞ്ഞു...... (ബഹളം)....

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ....

ശ്രീ. വി. റ്റി. ബൽറാം: അപ്പുറത്തുള്ള യുവജന നേതാക്കന്മാർക്ക് എന്താണ് പറ്റിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സ്വാശ്രയ മാനേജ്മെന്റിനെ വിമർശിക്കാൻ തുടങ്ങുമ്പോഴേക്കും ഇത്രയും അസഹിഷ്ണുത കാണിക്കേണ്ട കാര്യമുണ്ടോ? നിങ്ങൾ ആർക്കുവേണ്ടിയാണ് വാദിക്കുന്നത്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇരിക്കൂ, ഇരിക്കൂ,... മന്ത്രി മറുപടി പറയും.

ശ്രീ. വി. റ്റി. ബൽറാം: ഒരു പ്രശ്നമുണ്ടെങ്കിൽ അതെന്താണെന്ന് മനസ്സിലാക്കാൻ ...(ബഹളം)...... ആരോഗ്യവകുപ്പുമന്ത്രി സമ്മതിച്ച കാര്യങ്ങളുടെ ഡീറ്റെയിലാണ് ഞാൻ കൊടുക്കാൻ പോകുന്നത്. ആരോഗ്യ വകുപ്പുമന്ത്രിക്ക് നടപടിയെടുക്കാനവശ്യമായ കാര്യങ്ങൾ സമർപ്പിക്കാൻ ഞാൻ തയ്യാറാവുമ്പോൾ ഇവർ എന്തിനാണ് ഈ കോലാഹലം ഉണ്ടാക്കുന്നത്; ഇവർ ആരുടെ ആളുകളാണ്? കേരളത്തിലെ പ്രധാനപ്പെട്ട ഒരു പത്രത്തിൽ ഇന്ന് വന്ന വാർത്തയാണ്. (പത്രം

ഉയർത്തിക്കാട്ടി) ഇന്നലെ ന്യൂസ് ചാനലിലും ഇക്കാര്യം വിശദമായി കേൾക്കുകയുണ്ടായി. (ബഹളം) ......വയനാട്ടിലെ സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം അവസാനിക്കുന്നതിന്റെ അവസാനദിവസം ...... ഏതുകോളേജാണെന്ന് എല്ലാവർക്കും അറിയാം. പ്രവേശനം അവസാനിക്കുന്നതിന്റെ അവസാനദിവസം, 3 മണിക്കൂറിനുള്ളിൽ 31 ലക്ഷം രൂപയായി വന്നാൽ പ്രവേശനം കിട്ടുമെന്ന് പറഞ്ഞു. അതിൽ 11 ലക്ഷം രൂപ ഫീസായും 20 ലക്ഷം രൂപ കോഴയായിട്ടുമാണ് ആവശ്യപ്പെടുന്നതെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഒരു മാധ്യമം വളരെ ഉത്തരവാദിത്തത്തോടുകൂടി ഈ ഗവൺമെന്റിന്റെ, സമൂഹത്തിന്റെ മുൻപാകെ വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അത് നിഷേധിക്കുകയാണ്. അതിനെക്കുറിച്ച് ശബ്ദരേഖയും പുറത്തുവന്നിട്ടുണ്ട്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് വേണ്ടി പണം പിരിച്ച് നൽകാനുള്ള ഏജൻസി എടുത്തുകൊണ്ട് ചില ആളുകൾ കടന്നുവരികയാണ്. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ ഈ വർഷം പുതിയതായി ആരംഭിക്കുന്ന സ്വാശ്രയ മെഡിക്കൽ കോളേജിൽ ചേരുന്നതിന് 10 ലക്ഷം രൂപ തലവരിപ്പണം വാങ്ങുന്നുവെന്നും വാർത്തയിൽ പറയുന്നുണ്ട്. ഇതിനൊക്കെ ഇടവരുത്തിയത് എന്താണ്? ഇത്തരത്തിലുള്ള എല്ലാ പരാതികളെയും അതിന്റെ ആദ്യഘട്ടത്തിൽ തന്നെ ഈ ഗവൺമെന്റ് നിഷേധിക്കുകയല്ലേ ചെയ്യുന്നത്.

ഈ സഭയിൽ ബഹുമാന്യയായ മന്ത്രി പറഞ്ഞത് പ്രവേശനത്തെക്കുറിച്ച് ഒരു പരാതിയും ഉയർന്നുവന്നിട്ടില്ല എന്നാണ്. 1500-ലേറെ പരാതികൾ ജെയിംസ് കമ്മിറ്റി മുൻപാകെ വന്നപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്ലേറ്റ് മാറ്റുകയാണ്. സർക്കാരും മാനേജ്മെന്റും തമ്മിൽ ഒപ്പുവച്ച കരാറിനെക്കുറിച്ച് പരാതിയില്ലെന്നാണ് ഇപ്പോൾ മന്ത്രി പറയുന്നത്. അത് ജെയിംസ് കമ്മിറ്റിയുടെ മാൻഡേറ്ററിയിൽപ്പെടുന്ന കാര്യമല്ല. മാനേജ്മെന്റും സർക്കാരും തമ്മിൽ ഏർപ്പെടുന്ന കരാറുകളെ സംബന്ധിച്ച് പരാതി പറയാൻ വിദ്യാർത്ഥികൾക്ക് അവകാശമില്ല. അഡ്മിഷൻ പ്രോസസ്സിനെ അട്ടിമറിക്കുന്നുവെന്ന പരാതിയാണ് അവർ പറയുന്നത്. നീറ്റിൽ നിന്നുമാത്രമേ പ്രവേശനം നടത്താൻ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞ സാഹചര്യത്തിലാണ്, ഈ സ്വാശ്രയപ്രശ്നം സംസ്ഥാനത്ത് ഉയർന്നുവന്നതിനുശേഷം ആദ്യമായി സർക്കാരിന് അനുകൂലമായിട്ടുള്ളൊരു അന്തരീക്ഷം ഉണ്ടായിട്ടുള്ളത്. ആ അന്തരീക്ഷത്തെയല്ലേ മാനേജ്മെന്റുകൾക്കുവേണ്ടി സർക്കാർ ഇല്ലാതാക്കുന്നത്. വരച്ച വരയിൽ മാനേജ്മെന്റുകളെ വരുത്താൻ കഴിയുന്ന അവസരം ചരിത്രത്തിൽ ആദ്യമായി കൈവന്നിട്ട് നിങ്ങൾ എന്തുനടപടിയാണ് എടുക്കുന്നത്? ജെയിംസ് കമ്മിറ്റിയെക്കുറിച്ച് പറയുന്നു. ജെയിംസ് കമ്മിറ്റിയെക്കൊണ്ട് ഏതെങ്കിലും ഒരു കേസ്സിൽ നടപടി എടുപ്പിച്ചിട്ടുണ്ടോ? ഇപ്പോഴും പ്രഖ്യാപനമേയുള്ളൂ. ജെയിംസ്

കമ്മിറ്റിയെ തന്നെ പിരിച്ചുവിടുന്നുവെന്നുള്ള വാർത്തകൾ പുറത്തുവന്നിരിക്കുകയാണ്. അതിന്റെ ഭാഗമായി അദ്ദേഹത്തിനുപോലും താൽപ്പര്യം നഷ്ടപ്പെട്ടുപോകുന്ന സാഹചര്യം നമ്മൾ കാണുകയാണ്. ഒരു പരാതിയിലും ആക്ഷൻ ഉണ്ടാകുന്നില്ല. ഈ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് എത്ര ദിവസമായി ഈ നാട്ടിൽ സമരങ്ങൾ നടത്തുന്നു. ആ സമരങ്ങളോട് ആക്ഷേപമാണ്.... (ബഹളം)....

ഭീകരാക്രമണത്തിനുശേഷം ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചു. നമ്മൾ എല്ലാവരും ഏകകണ്ഠമായി അത് അംഗീകരിച്ചിരിക്കുകയാണ്. ഭീകരാക്രമണത്തിനു ശേഷം ഇന്ത്യ നടത്തിയ പ്രത്യാക്രമണം, അതിർത്തി കടന്ന് ഭീകര കേന്ദ്രങ്ങൾ ഇന്ത്യ ആക്രമിച്ചു. നമ്മളെല്ലാവരും അതിൽ അഭിമാനിക്കുകയാണ്. ഈയൊരു തീരുമാനം ഗവൺമെന്റ് എടുക്കുന്നതിനുമുൻപ് പ്രധാനപ്പെട്ട ചില ആളുകളുമായി ആശയവിനിമയം നടത്തിയിരുന്നുവെന്ന് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നു. ഇന്ത്യയുടെ ഉപരാഷ്ട്രപതി ഡോ. ഹമീദ് അൻസാരി, മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗുമായി ആശയവിനിമയം നടത്തിയിരുന്നു. അതൊരു ജനാധിപത്യ മര്യാദയുടെ ഭാഗമാണ്. നരേന്ദ്രമോദി കാണിച്ച ആ ജനാധിപത്യ മര്യാദയുടെ പത്തിലൊന്നെങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി

വിജയൻ കാണിക്കുന്നുണ്ടോ? ഈ സഭയിലെ 5 അംഗങ്ങൾ സമരത്തിലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ഒരു മീറ്റിംഗ് വിളിച്ചു. ആ മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പങ്കെടുത്തു, മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പങ്കെടുത്തു. തൊട്ടടുത്ത റൂമിൽ ഉണ്ടായിരുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് പങ്കെടുക്കാനുള്ള മര്യാദപോലും കാണിച്ചില്ല. ഇന്ന് അദ്ദേഹം പ്രമേയം അവതരിപ്പിച്ചപ്പോൾ ഞാനാകെ കോരിത്തരിച്ചു. പ്രശ്നപരിഹാരങ്ങൾക്കുള്ള നയതന്ത്രനീക്കങ്ങൾ തുടരുമെന്നാണ് പ്രമേയം അവതരിപ്പിച്ച് അദ്ദേഹം പറഞ്ഞത്. ഈ പ്രശ്നപരിഹാരത്തിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും ഒരു നീക്കം ഉണ്ടായിട്ടുണ്ടോ?

മി. സ്പീക്കർ: പ്ലീസ് ശ്രദ്ധിക്കു. പ്ലീസ്.. അങ്ങ് വസ്തുതാപരമായ പിശകുകൾ പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പീക്കറുടെ ചേമ്പറിൽ വരികയും ആശയവിനിമയം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് മീറ്റിംഗ് നടത്തിയത്.

ശ്രീ. വി. റ്റി. ബൽറാം: അങ്ങ് അദ്ദേഹത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് കഴിഞ്ഞ മൂന്നുനാലു ദിവസമായി ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി സ്വയം എന്തോ ഭാവിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്

മാത്രമായ ചില തോന്നലുകളുണ്ട്.

<u>മി. സ്പീക്കർ</u>: വിഷയത്തിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: അദ്ദേഹത്തെ സ്നേഹബുദ്ധിയോടെ ഉപദേശിക്കാൻ ആർജ്ജവമുള്ള ഒരാളുപോലും ക്യാബിനറ്റിലും പാർട്ടിയിലുമില്ലായെന്നുള്ള അവസ്ഥയാണ്.... (ബഹളം).....

<u>മി. സ്പീക്കർ</u>: ഉന്നതരായ നേതാക്കൾപോലും പത്തു മിനിട്ടുകൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പ്ലീസ്... അവസാനിപ്പിക്കൂ...

<u>ശ്രീ. വി. റ്റി. ബൽറാം</u>: ഇതിന്റെ ഭാഗമായി ഒരു സ്വേച്ഛാധിപതിയെപോലെ കേരളത്തിലെ മുഖ്യമന്ത്രി മുന്നോട്ട് പോകുകയാണ്. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ സമരത്തിൽ കിടക്കുന്ന എം.എൽ.എ.-മാരെ സന്ദർശിച്ചു. താങ്കൾ എത്രയോ തവണ അവരെ സന്ദർശിച്ചു. പക്ഷെ പ്രശ്നപരിഹാരത്തിനുള്ള ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകുന്നില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.... പ്ലീസ്.....

<u>ശ്രീ. വി. റ്റി. ബൽറാം</u>: മുഖ്യമന്ത്രി നേരിട്ട് ഈ സമരത്തെ ആക്ഷേപിക്കുന്നത് ജനാധിപത്യവിരുദ്ധമായ പ്രവണതയാണ്. ഞങ്ങളെ കുട്ടിപ്പട്ടാളമെന്ന് വിളിച്ചാണ് ആക്ഷേപിക്കുന്നത്. അങ്ങനെ ആക്ഷേപിക്കുന്നതുകൊണ്ട് നമുക്ക് വിരോധമില്ല.

അവരെ ഏൽപ്പിച്ചിരിക്കുന്ന പണിയാണിത്. നമ്മൾ എന്ത് പണിയാണ് ചെയ്യേണ്ടതെന്ന് മുഖ്യമന്ത്രി നിർദ്ദേശിക്കുകയാണ്. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന പണിയെടുക്കാനല്ല കേരളത്തിലെ ജനങ്ങൾ നമ്മളെ ഇവിടെ പറഞ്ഞയച്ചിരിക്കുന്നതെന്ന ഉത്തമബോധ്യത്തോടുകൂടിയാണ് ഈ സ്വാശ്രയകൊള്ളക്കെതിരെ ഞങ്ങൾ പ്രതികരിക്കുന്നത്.

മി. സ്പീക്കർ: സമയബന്ധിതമായി അവസാനിപ്പിക്കണം.

ശ്രീ. വി. റ്റി. ബൽറാം: ഈയൊരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ കരാർ കൊണ്ട് ഏറ്റവും കൂടുതൽ സാമ്പത്തിക ലാഭം ഉണ്ടാകുന്നത് സി.പി.ഐ. (എം) ന്റെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിനാണ്. പരിയാരം മെഡിക്കൽ കോളേജിന്റെ ചരിത്രം നമുക്കറിയാം. സർക്കാർ നൽകിയ ഭൂമിയിലാണ് ആ കോളേജ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്.

മി. സ്പീക്കർ: ഒരേ കാര്യം തന്നെ സഭയിൽ പലപ്രാവശ്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കിട്ടുന്ന സമയം ഫലപ്രദമായി ഉപയോഗിക്കേണ്ടതിനുപകരം.....

ശ്രീ. വി. റ്റി. ബൽറാം: മറ്റു സ്വാശ്രയ മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് പരിയാരം മെഡിക്കൽ കോളേജിൽ ചെലവ് വളരെ കുറവാണ്. പരിയാരം

മെഡിക്കൽ കോളേജിൽ പോലും 1.89 കോടി രൂപയുടെ അധിക ഫീസാണ് ഓരോ വർഷവും ഈടാക്കാൻ വേണ്ടി ഈ കരാറിലൂടെ മുന്നോട്ട് വന്നിരിക്കുന്നത്. അതിൽ ഒരു രൂപ പോലും കുറയ്ക്കാൻ തയ്യാറല്ലായെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ ആരോടാണ് ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത; ആർക്കുവേണ്ടിയാണ് ഗവൺമെന്റ് ഈ കടുംപിടുത്തവുമായി മുന്നോട്ടുപോകുന്നത്? .. (ബഹളം)....

മി. സ്പീക്കർ: നിങ്ങൾ ഇങ്ങനെ തടസ്സപ്പെടുത്തുമ്പോഴാണ് സഭ നീണ്ടു പോകുന്നത്. മന്ത്രി മറുപടി പറഞ്ഞുകൊള്ളും.

ശ്രീ. വി. റ്റി. ബൽറാം: ഞാൻ ഉത്തരവാദിത്തബോധത്തോടുകൂടി ഉന്നയിക്കുകയാണ് ഓരോ സ്വാശ്രയ മാനേജ്മെന്റിനും ഏതാണ്ട് ഒന്നര കോടി രൂപയുടെ അധിക വരുമാനം ഉണ്ടാക്കികൊടുത്തിരിക്കുകയാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ കണക്കെടുത്താൽ ഏതാണ്ട് 30 കോടി രൂപയുടെ അഴിമതിയാണ് ഇവിടെ നടന്നിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ് ചെയ്യൂ. പ്ലീസ്... മൈക്ക് ഓഫ് ചെയ്യും.

ശ്രീ. വി. റ്റി. ബൽറാം: ഇതിന്റെയൊക്കെ എത്ര വിഹിതം സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിന് കിട്ടിയെന്ന് വരും നാളുകളിൽ പുറത്തുവരാൻ പോകുകയാണ്. ഗവൺമെന്റിന്റെ ഈ നടപടി തിരുത്തിയില്ലായെങ്കിൽ, ഈ കരാർ

പിൻവലിച്ചില്ലായെങ്കിൽ, അധിക ഫീസ് ഈടാക്കുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ നടപടി എടുത്തില്ലായെങ്കിൽ, സമരം ചെയ്യുന്ന പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന പ്രവണത അവസാനിപ്പിച്ചില്ലായെങ്കിൽ, സമരം ചെയ്യുന്ന എം.എൽ.എ.-മാരുടെ ജീവൻവച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ, മുഖ്യമന്ത്രി തന്നെ പറഞ്ഞതുപോലെ ഗ്രനേഡിന്റെ കാറ്റ് മാത്രമല്ല ഈ കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന മുഖ്യമന്ത്രിയുടെ പ്രവൃത്തനശൈലിക്കെതിരെ കേരളത്തിന്റെ ജനമനസ്സ് അറിഞ്ഞുകൊണ്ടുള്ള സമരം ഇനിയും മുന്നോട്ടുപോകും. എത്രയും അടിയന്തര പ്രാധാന്യമുള്ള ഈ വിഷയം ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുവെന്ന പച്ചയായ യാഥാർത്ഥ്യമായി മാധ്യമങ്ങൾ ബോധ്യപ്പെടുത്തിയതിന്റെ സാഹചര്യത്തിൽ, ഗവൺമെന്റിന്റെ കരാറിൽ നിന്നും മാനേജ്മെന്റുകൾ, കോളേജുകൾ പിറകോട്ട് പോകുന്ന സാഹചര്യത്തിൽ, സ്വാശ്രയ മേഖല മുഴുവൻ കോഴയുടെ കൂത്തരങ്ങായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ജനപ്രതിനിധികൾ സമരം ചെയ്യുന്ന ഈ സാഹചര്യത്തിൽ, ഈ അടിയന്തര സാഹചര്യത്തിൽ മറ്റെല്ലാ നടപടികളും നിർത്തിവെച്ച് സഭ ഈ പ്രശ്നം അതീവഗൗരവ സ്വഭാവത്തോടുകൂടി ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, ഈ ഗവൺമെന്റ് 20 കോളേജുകളുമായി കരാർ ഒപ്പിട്ടത് ക്യാപ്പിറ്റേഷൻ ഫീസ് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ്. അതുസംബന്ധിച്ച് കർശനമായ നിർദ്ദേശവും സർക്കാർ അവർക്ക് നൽകിയിട്ടുണ്ട്. സർക്കാർ തീരുമാനിക്കുന്നതിലപ്പുറം എന്തെങ്കിലും സംഭവിച്ചാൽ കർശനമായ നടപടിയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 20 കോളേജുകൾ സർക്കാരുമായി കരാർ ഒപ്പിട്ടതിന്റെ ഫലമായി ക്യാപ്പിറ്റേഷൻ ഫീ വാങ്ങാനുള്ള അവസരം സർക്കാർ നിഷേധിച്ചുവെന്നാണ്, ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ക്യാപ്പിറ്റേഷൻ ഫീ ആരെങ്കിലും എവിടെയെങ്കിലും ചോദിച്ചിട്ടുണ്ടോ, വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്. ഞങ്ങളുടെ മുന്നിൽ ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയതായുള്ള പരാതിയില്ല. ജെയിംസ് കമ്മിറ്റിയിൽ കിട്ടിയ പരാതികകളത്തും സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ച് മെറിറ്റനുസരിച്ച് അഡ്മിഷൻ കിട്ടുന്നില്ല, അപേക്ഷയിലെ ചെറിയ തരക്കേടുകൾ കാരണം അവർക്ക് അവസരം നിഷേധിച്ചുവെന്നൊക്കെ പറഞ്ഞിട്ടുള്ള പരാതിയാണ് കിട്ടിയത്. ഇവിടെ പറഞ്ഞു, ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയതിന്റെ തെളിവ് ശ്രീ. വി. റ്റി. ബൽറാമിന്റെയും

ചില മാധ്യമങ്ങളുടെയും കൈവശമുണ്ടെന്ന്. ഞങ്ങൾ ആവശ്യപ്പെടുകയാണ്, മാധ്യമങ്ങൾക്ക് ധാർമ്മികതയുണ്ടെങ്കിൽ ആ പരാതിയും തെളിവുകളും സർക്കാരിന് കൈമാറണം. സർക്കാർ നടപടിയെടുക്കും. ശ്രീ. ബൽറാമിന്റെ കൈവശമുള്ള പരാതി സർക്കാരിന് കൈമാറണം. സർക്കാർ അതിന് കർശനമായി തീരുമാനമെടുക്കും. അവിടെ ക്യാപ്പിറ്റേഷൻ ഫീ, ഇവിടെ ക്യാപ്പിറ്റേഷൻ ഫീ, 300 കോടി എന്നൊക്കെ വളരെ vague ആയി പറയുന്നത് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണെന്ന് ഈ നിയമസഭയിൽ ഞാൻ പറയുകയാണ്. ബന്ധപ്പെട്ട മാധ്യമവും ശ്രീ. വി. റ്റി. ബൽറാമും യു.ഡി.എഫും ഇന്നുതന്നെ ആ തെളിവുകൾ സർക്കാരിന് കൈമാറിയാൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുകയാണ്. പുതിയ സീറ്റുകൾ ധാരാളമായി വന്നതിൽ ഞങ്ങൾക്കൊരു റോളുണ്ടെന്ന് ഇവിടെ പറഞ്ഞു. ശരി, പുതിയ സീറ്റ് വന്നിട്ടുണ്ട്. സർക്കാർ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള മെഡിക്കൽകോളേജുകളിൽ വരുമെന്ന് പ്രതീക്ഷിച്ചിരുന്ന സീറ്റ് ഇല്ലാതായില്ലേ എന്നതാണ് ചോദ്യം. ലോധാ കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്നത്തെ പത്രത്തിലുണ്ട്. അത് വായിക്കു. അഷ്വറൻസ് അല്ലാതെ ഈ പുതിയ മെഡിക്കൽ കോളേജുകളൊന്നും ബന്ധപ്പെട്ട സൗകര്യമുണ്ടാക്കാത്തതിന്റെ പേരിൽ എം.സി.ഐ. കർശനമായ നടപടിയെടുത്തുകൊള്ളണം, അവർക്കുള്ള അംഗീകാരം റദ്ദാക്കണം

എന്നാണ് ലോധാ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. എന്നിട്ട് സ്വപ്നത്തിൽ കാണുകയാണ്, ആ കോളേജ് ഇത്തവണ എം.സി.ഐ അംഗീകരിച്ചിരുന്നുവെങ്കിൽ ഇത്ര സീറ്റ് കിട്ടുമായിരുന്നു, ഞങ്ങൾ പ്രഖ്യാപിച്ച കോളേജാണ്, അതുകൊണ്ട് അത്രയും സീറ്റ് നഷ്ടപ്പെട്ടുപോയില്ലേയെന്ന്. എന്താണ് ഇതിന് അടിസ്ഥാനം. ഞങ്ങൾ ആ കോളേജിനെക്കുറിച്ചെല്ലാം പരിശോധിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ തവണ ആറ് സ്വാശ്രയ മെഡിക്കൽകോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കാതെ തെക്കുവടക്ക് നടന്നു. അവർക്ക് തോന്നിയ ഫീസും വാങ്ങി. സീറ്റിന് ഒരു കോടി രൂപ വീതം, ശ്രീ. ബൽറാം പറഞ്ഞത് കഴിഞ്ഞ തവണ 600 സീറ്റിൽ 600 കോടിരൂപ വാങ്ങിയിട്ടുണ്ടെങ്കിൽ...... അതാണ് വാങ്ങിട്ടുള്ളതെന്ന് ഞങ്ങൾ പറയുന്നു. എന്ത് നടപടിയെടുത്തു? അന്ന് ജെയിംസ് കമ്മിറ്റിയുണ്ടായിരുന്നില്ലേ? എന്ത് നടപടിയാണ് അവർ എടുത്തത്? വ്യക്തമാക്കേണ്ട കാര്യമാണ്. ആറ് കോളേജുകൾ അവരുടെ 100 സീറ്റുകളിൽ വീതം 600 സീറ്റീൽ അവർക്ക് തോന്നിയ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി കാശുണ്ടാക്കി നടന്നു. ആർക്കാണ് ഇതിന്റെ കമ്മീഷൻ കിട്ടിയത്? എവിടെയായിരുന്നു ജെയിംസ് കമ്മിറ്റി; ജെയിംസ് കമ്മിറ്റി ചെറുവിരലനക്കിയോ? ഞങ്ങൾ ഇന്നലെ രാത്രിവരെ ജെയിംസ് കമ്മിറ്റിയോട് യോഗം ചേരാൻ പറഞ്ഞത്

ഇന്നലെ വരെ നടന്ന അഡ്മിഷനകത്ത് എന്തെങ്കിലും ക്രമക്കേടുണ്ടോയെന്ന് പരിശോധിക്കാനാണ്. മൂന്ന് കോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കാതെ മാറി നിന്നപ്പോൾ ആ കോളേജിന് ഇഷ്ടമുള്ളതുപോലെ പോകട്ടെ, അവർ ക്യാപ്പിറ്റേഷൻ ഫീ വാങ്ങിക്കോട്ടെ എന്ന് തീരുമാനിക്കാതെ ആ മൂന്ന് കോളേജുകളേയും പിടികൂടാനാണ് തീരുമാനിച്ചത്. ക്യാപിറ്റേഷൻ ഫീ തടസ്സപ്പെടുത്താനാണ് തീരുമാനിച്ചത്. ഇത്രയും വ്യക്തമായ നടപടിയെടുത്ത് ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ നിങ്ങൾക്ക് നല്ല ബേജാറുണ്ട്. കാരണം നിങ്ങൾ മാനേജ്മെന്റിന്റെ ആളായിട്ടാണ് സംസാരിക്കുന്നത്. ആ മാനേജ്മെന്റിനുവേണ്ടി വക്കാലത്തുപറയാനാണ് ഈ പുകമറ സൃഷ്ടിച്ചുകൊണ്ട് ഇവിടെ വരുന്നത് എന്ന് നന്നായി ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. മാനേജ്മെന്റിനെ വരച്ചവരയിൽ നിർത്തണം. ആരാണ് മാനേജ്മെന്റിനെ വരച്ചവരയിൽ നിർത്തിയത്. 20 കോളേജുകളെ വരച്ചവരയിൽ നിർത്തിയത് ഈ ഗവൺമെന്റാണ്. മൂന്ന് കോളേജുകൾ ഞങ്ങൾ വരച്ചവരയിൽ നിൽക്കാത്തതിന്റെ പേരിലാണ് എൻട്രൻസ് കമ്മീഷണറും ജെയിംസ് കമ്മിറ്റിയും ഇടപെട്ട് അവർക്കെതിരെ എന്ത് നിയമനടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചത്. അക്കാര്യത്തിൽ ഞങ്ങൾ സുപ്രീംകോടതിവരെ പോകാൻ തയ്യാറായിരിക്കുകയാണ്. ഇത്രയും വ്യക്തമായ ഒരു

തീരുമാനം ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. തലവരിപ്പണം വാങ്ങാനുള്ള അവസരം ഞങ്ങൾ ഇല്ലാതാക്കിയിട്ടുണ്ട്. ഞങ്ങൾ മെരിറ്റ് സീറ്റിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരലങ്കോലവുമില്ലാതെ സെപ്റ്റംബർ 30-ാം തീയതി അലോട്ട്മെന്റ് പ്രോസസ് പൂർത്തിയാകുകയാണ്. അലോട്ട്മെന്റിന്റെ കാര്യത്തിൽ ഇതുവരെയില്ലാത്ത സമാധാനവും കൃത്യതയും ഈ വർഷം ഗവൺമെന്റ് നടപ്പിലാക്കിയെന്നുള്ളതിൽ ജനങ്ങൾ നമ്മളെ അഭിനന്ദിക്കുകയാണ്. ജനങ്ങളുടെ പിന്തുണയില്ലാത്ത ഒരു സമരവും നിലനിൽക്കില്ല. സമരം തുടങ്ങുമ്പോൾ ആലോചിക്കണമായിരുന്നു. അടിസ്ഥാനമില്ലാത്ത ഒരു പ്രശ്നവുമായി സമരത്തിന് പുറപ്പെട്ടാൽ ആ സമരം അവസാനിക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കും. അതിന് ഞങ്ങളെ പഴിച്ചിട്ട് കാര്യമില്ല. ഞങ്ങളുടെ നിലപാട് നിയമസഭയിലും വ്യക്തമാണ്. ഞങ്ങൾ ബഹുജനങ്ങളോട് പറയുന്നതും വ്യക്തമാണ്. ഏറ്റവും നല്ല കരാറാണ് സ്വാശ്രയ മാനേജ്മെന്റുമായി എൽ.ഡി.എഫ് ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. 350 കുട്ടികൾക്ക്, കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ കുട്ടികൾക്ക് മെറിറ്റ് ആനുകൂല്യം കിട്ടി അലോട്ട്മെന്റ് കഴിഞ്ഞ് പഠിക്കാൻ തയ്യാറായി നിൽക്കുമ്പോൾ, സെപ്തംബർ 30-ാം തീയതി അലോട്ട്മെന്റ് പ്രക്രീയ പൂർത്തിയാകുമ്പോൾ വീണ്ടും ഇത്തരം അലങ്കോലങ്ങളുമായി ഇറങ്ങുന്നത് ആരെ സഹായിക്കാനാണെന്ന് അവർ തന്നെ പരിശോധിച്ചാൽ മതി.

ഈ വിഷയം നിരവധി തവണ സഭയിൽ വിശദീകരിച്ചിട്ടുള്ളതാണ്. ഇന്നും ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യകതയുമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്ന് രാവിലെ ഒരു പത്രം വായിച്ചപ്പോൾ കണ്ടു അങ്ങ് ഇന്നലെ ഒരു യോഗം വിളിച്ചുവെന്ന്. ഏത് യോഗമാണെന്ന് എനിക്ക് യാതൊരു വിവരവുമില്ല. .....(ബഹളം)...........

മി. സ്പീക്കർ: .......പ്ലീസ്......നിങ്ങൾ നിശബ്ദരായിരിക്കു. അദ്ദേഹം സംസാരിക്കട്ടെ ......(ബഹളം)........... അങ്ങ് സംസാരിച്ചപ്പോൾ കമന്റ് പറഞ്ഞതിന് ധാർമ്മിക രോഷംകൊണ്ടതാണല്ലോ? ആ ധാർമ്മികതയൊക്കെ ഇപ്പോൾ പോയോ? നിമിഷങ്ങൾക്കകം നിലപാട് മാറുന്നത് ശരിയല്ല. .......പ്ലീസ്...... sit down.

ശ്രീ. പിണറായി വിജയൻ: സർ, ഇന്നലെ അങ്ങ് സഭ നിർത്തിവച്ചതിനുശേഷം ഞാൻ കുറച്ചുസമയം ഇവിടെത്തന്നെയിരുന്നു. പിന്നീട് ഇവിടെത്തന്നെയുള്ള മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരിക്കുകയായിരുന്നു. ബെല്ലടിച്ചശേഷമാണ് ഇവിടേയ്ക്ക് ഞാൻ വീണ്ടും വന്നത്. അങ്ങ് ഒരു യോഗവും വിളിച്ചിട്ടില്ല. യോഗത്തിന്റെ എന്തെങ്കിലും വിവരം എന്നെ അറിയിച്ചിട്ടുമില്ല. ......

(ബഹളം)...........

മി. സ്പീക്കർ: .......പ്ലീസ്...... ചെയർ വ്യക്തമാക്കാനുള്ളത് ചെയർ വ്യക്തമാക്കിക്കൊള്ളാം. നിങ്ങൾ ഇരിക്കൂ. മുഖ്യമന്ത്രി പറഞ്ഞുകഴിയട്ടെ. അക്കാര്യത്തിൽ നിങ്ങൾ ആശങ്കപ്പെടേണ്ട. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: പല കാര്യങ്ങൾക്കും കേരളത്തിൽ ചില മാധ്യമങ്ങൾ ബുദ്ധി ഉപദേശിച്ചു തരാറുണ്ടെന്നുള്ളത് നമ്മൾക്കെല്ലാവർക്കുമറിയാം. അതും ഏറ്റെടുത്ത് വന്നതിന്റെ പരിഹാസ്യത സ്വയം ബോദ്ധ്യപ്പെട്ടാൽ മതി. സ്പീക്കർ അങ്ങനെയൊരു യോഗം വിളിച്ചിട്ടില്ല. യോഗത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി എന്ന നിലയിൽ എന്നോട് ആവശ്യപ്പെട്ടിട്ടുമില്ല. അത് മനസ്സിലാക്കിയാൽ നല്ലത്. ...... (ബഹളം)...........

മി. സ്പീക്കർ: ചെയർ വ്യക്തമാക്കേണ്ടത് വ്യക്തമാക്കിക്കൊള്ളും. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: ഏതോ മാധ്യമമെഴുതിയത് അതുപോലെ സ്വീകരിച്ച് പറഞ്ഞതിന്റെ അബദ്ധമാണ് ഇപ്പോൾ പറ്റിയത്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം, ഇന്ന് ഒരു പത്രത്തിൽ തലവരിപ്പണം വാങ്ങിയെന്ന വാർത്തയുണ്ടെന്നാണ്. അത്തരം ഒരു വാർത്തയുണ്ടെന്നുള്ളത്

ശരിയാണ്. ആ വാർത്തയിൽ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് വിജിലൻസിനെക്കൊണ്ട് പരിശോധിപ്പിക്കാം. എനിക്ക് പ്രതിപക്ഷാംഗങ്ങളോട് പൊതുവായി അഭ്യർത്ഥിക്കാനുള്ളത്, എവിടെയെങ്കിലും തലവരിപ്പണം വാങ്ങിയെന്നുള്ള പരാതി നിങ്ങളുടെ കയ്യിലുണ്ടെങ്കിൽ അത് സർക്കാരിന് കൈമാറണം. അതും വിജിലൻസിന് കൈമാറാൻ സർക്കാർ സന്നദ്ധമാണ്. തലവരിപ്പണം വാങ്ങുന്നത് നിയമവിരുദ്ധമായ നടപടിയാണ്. അതിനെതിരെ കർക്കശ നടപടികൾ സ്വീകരിക്കുകയും ചെയ്യും. പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നതിന് നിങ്ങൾ നേരത്തേ തുടക്കം കുറിച്ചതാണ്. പക്ഷേ അതിന്റെ നടപടികൾ ആരംഭിച്ചിരുന്നില്ല. അതിന് ഇനി വലിയ താമസമില്ല. ഈ സർക്കാർ ആ കോളേജ് ഏറ്റെടുക്കാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്, ഏറ്റെടുക്കുന്നതോടെ അവിടത്തെ ഫീസ് നിരക്കും മറ്റുകാര്യങ്ങളുമെല്ലാം മാറും. ഒരു സർക്കാർ കോളേജായി മാറും. അക്കാര്യത്തിൽ വലിയ പ്രശ്നം ഉയർത്തേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. സുപ്രീംകോടതി വിധി വന്നുകഴിഞ്ഞ സാഹചര്യത്തിൽ അതിൽ നിന്നും വ്യത്യസ്തമായ എന്തെങ്കിലും നിലപാട് ഏതെങ്കിലും സ്വാശ്രയ കോളേജ് സ്വീകരിച്ചാൽ ആ കോളേജിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന്

ആരോഗ്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അതേ നിലതന്നെയാണ് സ്വീകരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞകാര്യം, "സുപ്രീം കോടതി വിധിപ്രകാരം അഡ്മിഷൻ പൂർത്തിയാകാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് നടത്താൻ കഴിയാതെ........." എന്നുപറയുന്നു. കേന്ദ്രീകൃത കൗൺസിലിംഗൊന്നും ഇനിയില്ല. ഒഴിവ് വരുന്ന സീറ്റിലേയ്ക്ക് സർക്കാർ തന്നെ പ്രവേശനം നടത്തുകയല്ലേ വേണ്ടത്. അങ്ങനെതന്നെ വ്യക്തമാക്കുന്നതാണ് നല്ലത്. ഒരു തരത്തിലുള്ള ആശങ്കയും വേണ്ട. നമ്മുടെ കുട്ടികളുടെയും നാടിന്റെയും ഭാവി സംരക്ഷിക്കുന്ന നിലപാട് തന്നെയാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് പ്രത്യേകിച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് പറഞ്ഞത് വളരെ നല്ല കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചതാണ്. അതിന്റെ നടപടി പൂർത്തിയായിരുന്നില്ല. നടപടി പൂർത്തിയാക്കണം. ഈ വർഷത്തെ അലോട്ട്മെന്റിന്റെ ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തും ഇവിടത്തെ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്ന്

വ്യത്യസ്തമായ ഒരു ഫീസ് സ്ട്രക്ച്ചറായിരുന്നു പരിയാരം മെഡിക്കൽ കോളേജിന് ഉണ്ടായിരുന്നത്. എല്ലാക്കാലത്തും ഉണ്ടായിരുന്നത്. അത് പുതിയ സിസ്റ്റമല്ല. ഇപ്രാവശ്യവും എൻ.ആർ.ഐ., മാനേജ്മെന്റ് സീറ്റുകളിൽ പരിയാരം മെഡിക്കൽ കോളേജിൽ കുറഞ്ഞ ഫീസാണ്. പ്രൈവറ്റ് സ്വാശ്രയ കോളേജിനെക്കാൾ ഓരോ ലക്ഷം കുറവാണ് വച്ചിരിക്കുന്നത്. ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഒരുലക്ഷം രൂപയാണ് കൂട്ടിയത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചുവർഷവും പരിയാരം മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് കൂടി എഗ്രി ചെയ്തുകൊണ്ട് കുറഞ്ഞ ഫീസാണ് വച്ചത്. ഇപ്രാവശ്യം ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഒന്നരലക്ഷം രൂപ എന്നുള്ളത് രണ്ടര ലക്ഷം രൂപയായി. അടുത്ത കൊല്ലം ഏറ്റെടുത്താൽ വളരെ നല്ലത്. ഈ വർഷം ചേരുന്ന കുട്ടികൾക്ക് അഞ്ചുവർഷവും ഇപ്പോൾ കൂട്ടിയ ഫീസ് കൊടുക്കണം. അത് ശരിയാണോ; അതൊന്ന് തിരുത്തിക്കൂടേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സർക്കാർ കോളേജ് വന്നാൽ അവിടത്തെ ഫീസ് നിരക്ക് എങ്ങനെയായിരിക്കുമെന്നത് നമുക്കെല്ലാവർക്കുമറിയാമല്ലോ;

സർക്കാർ കോളേജിന്റെ ഫീസ് നിരക്ക് തന്നെയാണ് ബാധകമാകുന്നത്. അവിടെ അപ്പോൾ രണ്ടുതരത്തിലുള്ള ഫീസ് സ്ട്രക്ച്ചർ നമുക്ക് നിലനിർത്താൻ കഴിയും. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതോടെ അവിടെ സർക്കാർ കോളേജ് സംവിധാനമായി മാറും. ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകട്ടെ. എന്നിട്ട് നമുക്ക് എന്താണെന്നുള്ളത് നോക്കാം. ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ ആ കോളേജ് സർക്കാർ കോളേജായി മാറുകയാണ്. സർക്കാർ കോളേജിനകത്ത് മറ്റൊരു സംവിധാനം പറ്റില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, പക്ഷേ ഒരു ആശയക്കുഴപ്പമുള്ളത് സർക്കാർ ഫീസ് ഈ വർഷത്തെ അലോട്ട്മെന്റിന് ആരുവിചാരിച്ചാലും കൊടുക്കാൻ പറ്റില്ല. കാരണം കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ഇതേ പ്രശ്നം അന്ന് ഗവൺമെന്റ് അഭിമുഖീകരിച്ചതാണ്. കൂടിയ ഫീസാണ് എന്നുള്ളതിന്റെ പേരിൽ അപേക്ഷിക്കാതിരുന്ന വളരെയധികം കുട്ടികളുണ്ട്. ഗവൺമെന്റ് കോളേജാകുമ്പോൾ ഒരു കൊല്ലം 25000 രൂപ ഫീസ് കൊടുത്ത് പഠിക്കാം. പക്ഷേ നമ്മൾ ഇന്ന് വച്ചിരിക്കുന്ന ഫീസ് വളരെ കൂടിയതാണ്. അതുകൊണ്ട് അപ്പ്ലൈ ചെയ്യാത്ത

കുട്ടികളുണ്ട്. നമ്മൾ എന്തുവിചാരിച്ചാലും, ഇന്ന് ഈ കോളേജ് ഏറ്റെടുത്താലും കുറഞ്ഞ ഫീസ് ഇപ്രാവശ്യത്തെ അലോട്ട്മെന്റിന് കൊടുക്കാൻ പറ്റില്ല. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ഞങ്ങൾ അഭിമുഖീകരിച്ച പ്രശ്നമാണ്. ഗവൺമെന്റ് തീരുമാനിച്ചിട്ടും നിയമപരമായി സാധിക്കില്ല. കാരണം അനേകം കുട്ടികൾ പുറത്തു നിൽക്കുകയാണ്. 25,000 രൂപയാണ് ഫീസായിരുന്നുവെങ്കിൽ ഞാൻ അപ്ലൈ ചെയ്യുമായിരുന്നു, എന്റെ അവസരമാണ് നിഷേധിച്ചിരിക്കുന്നത്, എന്നെ കബളിപ്പിച്ചിരിക്കുകയാണ് എന്ന് അവർ പരാതിപ്പെടും. ഈ വർഷത്തെ ഫീസ് ....ഗവൺമെന്റ് ഏറ്റെടുത്താലും നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല. കൂടിയ ഫീസ് തന്നെ ആകും. അതുകൊണ്ട് ഗവൺമെന്റ് മെറിറ്റ് സീറ്റിലെ ഒരു ലക്ഷം രൂപയുടെ വർദ്ധനവ് വളരെ അമിതമായ വർദ്ധനവാണ്. സ്വകാര്യ സ്വാശ്രയ കോളേജിൽ 65,000 രൂപയാണ് കൂട്ടിയിട്ടുള്ളത്. ഇവിടെ ഒരു ലക്ഷം രൂപ കൂട്ടിയിരിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, പരിയാരം മെഡിക്കൽ കോളേജ് സഹകരണ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു കോളേജ് എന്ന നിലയ്ക്ക് എന്താണോ

നമ്മൾ നിശ്ചയിക്കുന്നത് അത് മാത്രമേ നടപ്പിലാക്കൂ. ആ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിയാരം മെഡിക്കൽ കോളേജ് എവിടെയാണ് കിടക്കുന്നത് എന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. ഞങ്ങൾക്കുമറിയാം, നിങ്ങൾക്കുമറിയാം. കാരണം മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ പോകുമ്പോൾ ആ മെഡിക്കൽ കോളജിന്റെ ബാധ്യത ഇന്ന് എത്രയാണെന്നും നേരത്തേ നിങ്ങൾ പരിശോധിച്ചിട്ടുണ്ടാകും. എല്ലാവർക്കും അതറിയാം. നമ്മുടെ നിലപാടിന്റെ ഭാഗമായി പരിയാരം മെഡിക്കൽ കോളേജിന് കൂടുതൽ കൂടുതൽ ബാധ്യത ഉണ്ടാക്കാനുള്ള നടപടികൾ മാത്രമേ നേരത്തേ ഉണ്ടായിട്ടുള്ളൂ. നേരെ മറിച്ച് മറ്റൊരു കോളേജാകുമ്പോൾ അവർ പല വഴികളിലൂടെ കാര്യങ്ങൾ ഒപ്പിച്ചിരിക്കും. അതാണ് ഞാൻ നേരത്തെ പുറം വരവ് എന്ന് പറഞ്ഞതിനെ ആക്ഷേപിക്കാൻ ചിലർ തയ്യാറായത്. അത് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഒരു വസ്തുതയാണ്. അതാണ് ഇത്തവണ പൂർണ്ണമായി ഇല്ലാതാക്കിയത്. അത് വേറൊരു ഭാഗം. ആ ഭാഗം അല്ല നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത്. പക്ഷേ നമ്മൾ കാണേണ്ട കാര്യം സഹകരണ സ്ഥാപനമല്ലാത്ത ഒരു സ്ഥാപനമാകുമ്പോൾ അവരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള മറ്റ്

നടപടികൾ അവർ സ്വീകരിക്കുമായിരുന്നു. പരിയാരം മെഡിക്കൽ കോളേജിന് അങ്ങനെ യാതൊരു വഴിയുമില്ല. കോളേജ് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തിനിൽക്കുന്നു. നേരത്തേ ഉണ്ടായ തീരുമാനങ്ങൾ സർക്കാർ തീരുമാനിച്ചുവെന്നതുകൊണ്ടും സഹകരണ സ്ഥാപനം എന്ന നിലയ്ക്ക് അതിന് അവർ വഴിപ്പെട്ട് നിന്നിട്ടുണ്ട്. പക്ഷേ കാര്യങ്ങൾ എല്ലാം മനസ്സിലാക്കുന്ന ഒരു സർക്കാർ എന്ന നിലയ്ക്ക് അവരോട് മാത്രം നിങ്ങളുടെ ഫീസ് കുറയ്ക്കണമെന്ന് ആവശ്യപ്പെടാൻ പറ്റാത്ത നിലയാണുള്ളത്. അപ്പോൾ നാട്ടിൽ നിലനിൽക്കുന്ന ഫീസ് ആ സമ്പ്രദായം തുടരുന്നതുവരെ അവിടെ നിൽക്കുകയാണ്. അതേ സമയം കഴിയാവുന്നത്ര വേഗതയിൽ ആ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്യും. അതോടെ ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഉന്നയിക്കുന്ന തരത്തിലുള്ള ഒരു പ്രശ്നവുമില്ലാതെ വരികയും ചെയ്യും. മറ്റ് സാങ്കേതിക പ്രശ്നങ്ങൾ എന്താണെന്നുള്ളത് നമുക്ക് കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്യാം. ഇതാണ് നല്ലത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അതുകൊണ്ട് ഈ പുറം വരവൊക്ക നിർത്തിയിട്ട് സ്വാശ്രയ കോളേജുകളിൽ നിങ്ങൾ ഫീസ് വർദ്ധിപ്പിച്ചുകൊടുത്തു. ഒന്നാമതായി, ആ വർദ്ധനവിനെക്കാൾ കൂടുതൽ പരിയാരം മെഡിക്കൽ കോളേജിന് കൊടുക്കുന്നത്

ശരിയാണോ? രണ്ടാമതായി, മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ. സീറ്റിലും നിങ്ങൾ ആ കുറവ് വരുത്തി. മാനേജ്മെന്റ് സീറ്റിൽ സ്വകാര്യ സ്വാശ്രയ കോളേജിൽ 11,00,000 ലക്ഷം രൂപ അനുവദിച്ചപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ 10,00,000 ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ. എൻ.ആർ.ഐ. സീറ്റിൽ 15,00,000 ലക്ഷം രൂപ അനുവദിച്ചുകൊടുത്തപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ 14,00,000 ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ. സ്വാശ്രയ കോളേജിൽ 65,000 രൂപ അനുവദിച്ചപ്പോൾ ഗവൺമെന്റ് മെരിറ്റ് സീറ്റിൽ വരേണ്ട കുട്ടികൾക്ക് 1,00,000 ലക്ഷം രൂപയാണ് ഫീസ്. ഗവൺമെന്റ് മെഡിക്കൽ കോളേജ് കഴിഞ്ഞാൽ എല്ലാവരും ആഗ്രഹിക്കുന്ന അടുത്ത കോളേജ് പരിയാരം മെഡിക്കൽ കോളേജാണ്. അവിടെ ഗവൺമെന്റ് മെരിറ്റിൽ 1,00,000 ലക്ഷം രൂപ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് 65,000 രൂപയാണ് വർദ്ധിപ്പിച്ചുകൊടുത്തത്. അതിനൊരു ന്യായീകരണവുമില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സർക്കാർ പ്രവേശിപ്പിക്കുന്ന 50 ശതമാനം സീറ്റിന്റെ കാര്യമാണല്ലോ. ആ 50 ശതമാനം സീറ്റിന്റെ കാര്യത്തിൽ പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടികളും പരിയാരം മെഡിക്കൽ കോളേജിന്

പുറത്തുള്ള സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുട്ടികളും തമ്മിൽ ഫീസ് നിരക്കിൽ വ്യത്യാസമില്ല. ഇതാണ് സർക്കാർ വരുത്തിയിട്ടുള്ളത്. ഒരു വ്യത്യാസവുമില്ല. ആദ്യത്തേത് 25,000 രൂപ നിരക്ക്. പിന്നീടുള്ളത് 1,85,000 രൂപ എന്നുള്ളത് രണ്ടര ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ആ രണ്ടര ലക്ഷം രൂപയാണ് എല്ലായിടത്തും നിലനിർത്തിയത്. ഇതാണ് ഇപ്പോഴുള്ള ഫീസ് നിരക്ക്. അതിനൊരു വ്യത്യാസവുമില്ല. അതായത് മറ്റ് കോളേജുകളിലെല്ലാം ഉള്ള നിരക്ക് എത്രയാണോ അതേ നിരക്കിൽ തന്നെ പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടിയും പഠിക്കും. ഇതാണ് വസ്തുത.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സ്വാശ്രയ കോളേജുകളിലൊക്കെ 65,000 രൂപയാണ് ഫീസ് വർദ്ധിപ്പിച്ചത്. ഇവിടെ ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ചു. കഴിഞ്ഞ പ്രാവശ്യം ഫീസ് ഒന്നര ലക്ഷം രൂപയായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തും യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തും ഉണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഫീസ്. ഈയൊരു വർഷക്കാലത്തേക്ക്.....നിങ്ങൾ ഇപ്പോൾ കോളേജ് ഏറ്റെടുക്കുന്നു, അടുത്ത വർഷം മുതൽ മറ്റേ ഫീസ് ആണെങ്കിൽ... ഈയൊരു വർഷത്തേക്ക് മാത്രം നിങ്ങൾ ഇങ്ങനെ ചെയ്യുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ട് എൻ.ആർ.ഐ.,

മാനേജ്മെന്റ് സീറ്റുകളിൽ ഫീസ് വർദ്ധിപ്പിച്ചില്ല? അവിടെയും തുല്യത ഉണ്ടാകണം. തുല്യതയാണെങ്കിൽ എൻ.ആർ.ഐ. ക്വാട്ടയും മാനേജ്മെന്റ് ക്വാട്ടയും എന്തിനാണ് ഓരോ ലക്ഷം രൂപ കുറച്ചുകൊടുത്തത്? മെരിറ്റിൽ വരുന്ന പാവപ്പെട്ട കുട്ടികൾക്കുമാത്രമാണ് ഈ വേർതിരിവ് വരുത്തിയിരിക്കുന്നത്. അത് ശരിയല്ല എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി, ഈ കോളേജിനെ എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്ത് ഗവൺമെന്റ് കോളേജ് ആക്കി മാറ്റിയതാണ്. നിങ്ങളാണ് ആ കോളേജിനെ തിരിച്ചുകൊടുത്തത്. അന്ന് ഏറ്റെടുത്തിരുന്ന ഗവൺമെന്റ് കോളേജായിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടോ? നിങ്ങൾ വരുത്തിവച്ച വിനയാണിത്. അതിന് ഉത്തരവാദി നിങ്ങളാണ്.

ശ്രീ. പിണറായി വിജയൻ: സർ, മറ്റ് കുട്ടികൾക്ക് ചില്ലറ കുറവുണ്ട് എന്നുള്ളത് ശരിയാണ്. ആ കുറവുകൊണ്ട് ഗവൺമെന്റ് 50 ശതമാനം സീറ്റിൽ പ്രവേശിപ്പിച്ച കുട്ടികളിൽ ഒരു വ്യത്യാസം വരുത്തണമെന്ന് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അതിന് ഒരു അടിസ്ഥാനവുമില്ല. കാരണം ആ കോളേജിന്റെ പരിതാപകരമായ കഴിഞ്ഞ കാലത്തെ അവസ്ഥ വച്ച് അവർക്ക് നടത്തിക്കൊണ്ടുപോകാൻ വിഷമമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ആ കുറവ് ഇപ്പോൾ വരുത്താൻ നിർവ്വാഹമില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

<u>മി. സ്പീക്കർ:</u> സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ചില അംഗങ്ങൾ ചില പരാമർശങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. നിയമസഭാ കവാടത്തിൽ ബഹുമാനപ്പെട്ട സാമാജികരുടെ സമരം നടക്കുന്ന പശ്ചാത്തലത്തിൽ അത് അവസാനിപ്പിക്കുന്നതിനും പ്രശ്നപരിഹാരത്തിനും ചെയറിന്റെ ഭാഗത്തുനിന്ന് കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇരുവിഭാഗവുമായി നടന്ന കൂടിയാലോചനകളിൽ സമവായം സാധ്യമായില്ലെന്ന് സഭയെ അറിയിക്കുകയും ചെയ്തു. അതിനുപുറം ഇന്നലെ കക്ഷിനേതാക്കളുടെ യോഗം വിളിക്കുകയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അതിലേയ്ക്ക് ക്ഷണിക്കുകയോ ഉണ്ടായിട്ടില്ല. അത് എല്ലാ കക്ഷിനേതാക്കൾക്കും അറിയാവുന്നതാണ്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, സാധാരണ ഗതിയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു യോഗം വിളിച്ചാൽ അതിൽ കക്ഷിനേതാക്കളെയും പ്രതിപക്ഷ നേതാവിനെയും ബന്ധപ്പെട്ടവരേയുമാണ്

വിളിക്കാറുള്ളത്. അങ്ങ് അങ്ങനെ വിളിച്ചില്ലായെന്നുള്ളത് ഇപ്പോഴാണ് അറിയുന്നത്. അങ്ങ് ഒരു യോഗം വിളിച്ചാൽ ഞങ്ങൾ ഏതായാലും വരും. അക്കാര്യത്തിൽ സംശയം വേണ്ട. പ്രതിപക്ഷത്തെ വിളിച്ചാൽ ഞങ്ങൾ വരും. ഭരണകക്ഷി വരുമോ ഇല്ലയോയെന്നുള്ളത് അങ്ങ് തീരുമാനിക്കേണ്ട കാര്യമാണ്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് പ്രത്യേകം പറയേണ്ട കാര്യമുണ്ടോ; ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചാൽ സാധാരണ കക്ഷിനേതാക്കളും അപ്പുറവും ഇപ്പുറവും ഇരിക്കുന്നവരൊക്കെ പോകാറില്ലേ; അത് എന്തിനാണ് നിങ്ങൾ പ്രത്യേകിച്ച് പറയുന്നത്.

മി. സ്പീക്കർ: വിളിച്ചവരെല്ലാം വന്നിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. ഇ. പി. ജയരാജൻ മെച്ചപ്പെട്ടുവരുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞങ്ങൾ അടിയന്തര പ്രമേയം അവതരിപ്പിച്ചത് തെറ്റായിപ്പോയെന്ന് ഇവിടെ നമ്മുടെ ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞു. സോളാർ വിഷയത്തിൽ ശ്രീ. എ. കെ. ബാലൻ തന്നെ മൂന്ന് തവണ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കഴിഞ്ഞ സഭയിൽ സോളാർ വിഷയത്തിൽ ഒരൊറ്റ അടിയന്തര പ്രമേയവും ഞാൻ അവതരിപ്പിച്ചിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് അവതരിപ്പിച്ചാലും ഇല്ലെങ്കിലും ഏഴോ എട്ടോ തവണ ആ വിഷയത്തിൽ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അപ്പോൾ ഇതൊരു പുതിയ കാര്യമല്ലെന്നാണ് ഞാൻ പറഞ്ഞത്. സ്വാശ്രയ വിഷയവുമായി ബന്ധപ്പെട്ട ഈ സമരം ഇത്രയും പിന്നിട്ടിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഗവൺമെന്റും എടുക്കുന്ന നിലപാട് തികച്ചും നിഷേധാത്മകമാണ്. ഇവർ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഈ സമരത്തിന് ജനങ്ങളുടെ പിന്തുണ ഉണ്ടെന്നതാണ് കഴിഞ്ഞ നാലഞ്ച് ദിവസങ്ങളിലെ സമരത്തിന്റെ ഗതി പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. സ്വാശ്രയ പ്രശ്നത്തിൽ ഒരു തരത്തിലുമുള്ള പ്രശ്നവുമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മുഖ്യമന്ത്രിയും അതാണ് ആവർത്തിക്കുന്നത്. ഞങ്ങൾ 100 ശതമാനം സീറ്റ് ഏറ്റെടുത്തു, മാനേജ്മെന്റ് ഹൈക്കോടതിയിൽ കേസിന് പോയി, കേസ് മാനേജ്മെന്റ് ജയിച്ച എന്നൊക്കെയാണ് ഇവിടെ നേരത്തെ പറഞ്ഞത്.

എന്തുകൊണ്ട് അപ്പീൽ കൊടുത്തില്ലെന്നാണ് ഞങ്ങൾ ചോദിച്ചത്. ഞങ്ങൾ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി അപ്പീലിന് പോകുന്നില്ലെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. പ്രവേശന നടപടികൾ സെപ്റ്റംബർ 30-ന് അവസാനിപ്പിക്കണമെന്നുള്ളതുകൊണ്ട് സുപ്രീംകോടതിയിൽ പോയില്ല. ഇപ്പോൾ നിങ്ങൾ സുപ്രീംകോടതിയിൽ പോകാൻ പോവുകയല്ലേ; ഇപ്പോൾ നിങ്ങൾ എന്തിനാണ് സുപ്രീംകോടതിയിൽ പോകുന്നത് ?

ശ്രീ. എ. കെ. ബാലൻ: P. A. Inamdar and Others vs. State of Maharashtra and Others കേസിന്റെ വിധി നിലവിലുള്ളിടത്തോളംകാലം സ്വാശ്രയ മേഖലയിലെ 100 ശതമാനം സീറ്റും മാനേജ്മെന്റിന് ഉള്ളതല്ലേ; അതിനെ മറികടക്കാൻ ശ്രീ. എം. എ. ബേബി ഇവിടെ ഒരു നിയമം കൊണ്ടുവന്നല്ലോ; ആ നിയമം ഇപ്പോൾ ഉണ്ടോ; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാമല്ലോ; സ്വാശ്രയ മേഖലയിലെ ഒരൊറ്റ സീറ്റും മാനേജ്മെന്റിന് അല്ലാതെ ഗവൺമെന്റിനില്ല.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. എം. എ. ബേബിയുടെ കാലത്തുണ്ടാക്കിയ വൻതോതിലുള്ള കുഴപ്പം പരിഹരിച്ചത് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരാണ്. അത്

മനസ്സിലാക്കണം. നിങ്ങളാണ് കുഴപ്പമുണ്ടാക്കിയത്. ഞാൻ പറഞ്ഞുവന്നത്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതെന്താണ്, സെപ്റ്റംബർ 30 വരെ മാത്രമേ ഞങ്ങൾക്ക് സമയമുള്ളൂ, സുപ്രീംകോടതിയിൽ നിന്ന് സമയം നീട്ടി ചോദിക്കാൻ പോവുകയാണെന്നാണ്. എന്തിനാണ് സുപ്രീംകോടതിയിൽ നിന്ന് സമയം നീട്ടി ചോദിക്കാൻ പോകുന്നത്; നീറ്റ് മെരിറ്റ് സീറ്റിലെ അഡ്മിഷൻ പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായിട്ടില്ല. സുപ്രീംകോടതി മഹാരാഷ്ട്ര ഗവൺമെന്റിന് സമയം നീട്ടിക്കൊടുത്തു. ഈ ഗവൺമെന്റിന് പ്രവേശന നടപടികളുടെ കാര്യത്തിൽ ഓരോ ഘട്ടത്തിലും അവ്യക്തതയാണുള്ളത്. ഗവൺമെന്റ് വേണ്ട ഗൃഹപാഠം ചെയ്യുന്നില്ല. ഗവൺമെന്റ് ആശയക്കുഴപ്പം ഉണ്ടാക്കുന്നു. നിങ്ങൾ സുപ്രീംകോടതിയിൽ പോയിരുന്നെങ്കിൽ ഇന്ന് കേരളത്തിന് അനുകൂലമായ വിധി ഉണ്ടാകുമായിരുന്നു. ആ വിധി കിട്ടാൻ നിങ്ങൾ തയ്യാറാകാത്തത് സ്വകാര്യ മാനേജ്മെന്റുകളുമായി നിങ്ങൾ നടത്തിയ കൂട്ടുകച്ചവടമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ എന്താണ് നടക്കുന്നത്; പല കോളേജുകളും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ആര് നിയന്ത്രിക്കും. സുപ്രീംകോടതിയുടെ വിധി പ്രകാരം സെപ്റ്റംബർ 28-നകം അഡ്മിഷൻ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ബാക്കി സീറ്റുകൾ റിപ്പോർട്ട്

ചെയ്യണമെന്നാണ്. ആരെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള മൂന്ന് കോളേജുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്. മൂന്ന് സീറ്റാണ് സർക്കാരിന് കിട്ടിയത്. മറ്റെല്ലാവരും പ്രവേശനം പൂർത്തിയായെന്നുള്ള രേഖകൾ കൊടുത്തുകൊണ്ട് മാനേജ്മെന്റ് ഗവൺമെന്റിനെ വെല്ലുവിളിക്കുന്നു. മാനേജ്മെന്റ് ജെയിംസ് കമ്മിറ്റിയെ വെല്ലുവിളിക്കുന്നു. മാനേജ്മെന്റ് എൻട്രൻസ് കമ്മീഷനെ വെല്ലുവിളിക്കുന്നു. ഞാൻ ഇന്നലെ എൻട്രൻസ് കമ്മീഷണറുമായി സംസാരിച്ചു. സുപ്രീംകോടതിയുടെ വിധിപോലും ഇതുവരെ കിട്ടിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ആറ് മണിവരെ ഞാൻ ചോദിച്ചപ്പോഴും അദ്ദേഹം പറഞ്ഞത് സുപ്രീംകോടതിയുടെ വിധി കിട്ടിയില്ലെന്നാണ്. എന്താണ് അത് കിട്ടാത്തത് ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അതെങ്ങനെ ശരിയാകുമെന്ന് എനിക്കറിയില്ല. അങ്ങയോട് എന്താണ് എൻട്രൻസ് കമ്മീഷണർ സംസാരിച്ചതെന്ന് എനിക്കറിയില്ല. ഇന്നലെ ഞാനും എൻട്രൻസ് കമ്മീഷണറും സുപ്രീംകോടതിയുടെ വിധിയുടെ പകർപ്പ് വച്ചാണ് സംസാരിച്ചത്. അങ്ങേയ്ക്ക് എന്തുകൊണ്ട് അത് കിട്ടിയില്ല. അങ്ങേയ്ക്ക് വേണമെങ്കിൽ അത് നെറ്റിൽ നിന്നും എടുക്കാം. സുപ്രീംകോടതിയുടെ

വിധിയെടുക്കാൻ വേറെ എന്തെല്ലാം സൗകര്യങ്ങളുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. ബി. എസ്. മാവോജിയുമായി ഞാൻ അഞ്ച് മണിവരെ സംസാരിച്ചു.

ശ്രീ. എ. കെ. ബാലൻ: നെറ്റിൽ നിന്നും എടുക്കാൻ പാടില്ലായിരുന്നോ;

ശ്രീ. രമേശ് ചെന്നിത്തല: നെറ്റിൽ കിട്ടിയില്ല. സുപ്രീംകോടതിയിൽ നിന്ന് കിട്ടിയില്ലെന്നാണ് എൻട്രൻസ് കമ്മീഷണർ പറഞ്ഞത്. അതിന് ശേഷം കിട്ടിക്കാണും. എനിക്കറിയില്ല. ഏതായാലും ഈ കാര്യത്തിൽ വേണ്ടത്ര അവധാനത ഗവൺമെന്റ് കാട്ടിയിട്ടില്ല എന്നുള്ളതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. സ്വാശ്രയ മാനേജ്മെന്റുകളെ മൂക്കുകയറിടാൻ എന്തുകൊണ്ട് ഈ ഗവൺമെന്റ് ശ്രമിക്കുന്നില്ല. അതിന് കിട്ടിയ അവസരം എന്തുകൊണ്ട് പാഴാക്കി. ഓരോ കാലഘട്ടത്തിലും കിട്ടിയ അവസരങ്ങൾ പാഴാക്കി വീണ്ടും സമയം ചോദിക്കുകയാണ്. ഇവിടെ അഡ്മിഷൻ പൂർത്തിയായെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. എവിടെയാണ് പൂർത്തിയായത്. മാത്രമല്ല, ജെയിംസ് കമ്മിറ്റിക്ക് 1300 പരാതി കിട്ടി. ഈ പരാതികളൊക്കെ പ്രോസസ് ചെയ്യുകയാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെ പറഞ്ഞു. 36 കോളേജുകൾക്ക് പരാതി പരിഹരിച്ചുകൊടുത്തിട്ട് എത്ര

കോളേജുകൾ പാലിച്ചു. ഈ സംസ്ഥാനത്തെ സ്വകാര്യ മാനേജ്മെന്റുകൾക്ക് കൊള്ളയടിക്കാനുള്ള ഏറ്റവും നല്ല അവസരമാണ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിയാരത്തെ കാര്യം ഇവിടെ പറഞ്ഞു. പരിയാരത്തിനാണ് വമ്പിച്ച ലാഭമുണ്ടാകുന്നത്. Charity begins at home. ആദ്യം നമ്മൾ മാതൃക കാണിക്കണം. നമ്മൾ മാതൃക കാണിച്ചാൽ മറ്റുള്ളവരും മാതൃക കാണിക്കും. ഇവിടെ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അമിതലാഭം ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടി...... ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നമ്മൾ പറഞ്ഞ ഫീസ് പരിയാരം മെഡിക്കൽ കോളേജുകാർ അംഗീകരിച്ചിരുന്നുവെന്ന്. കാരണം അത് റീസണബിളായിരുന്നു. അത് അംഗീകരിച്ചുകൊണ്ട് അവർ മുന്നോട്ടുപോയി. ഇപ്പോൾ ഏറ്റവും കൂടുതൽ ലാഭം കിട്ടുന്നത്, 2015-ൽ കിട്ടിയതിനേക്കാൾ 1.79 കോടി രൂപയാണ് ഫീസിനത്തിൽ പരിയാരം മെഡിക്കൽ കോളേജിന് കിട്ടുന്നത്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റ് എടുത്തതാണ്. അവിടെ വലിയ തോതിലുള്ള സാമ്പത്തിക നഷ്ടമുണ്ടെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ആ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന്റെ മുഴുവൻ ഉത്തരവാദിത്തം അവിടത്തെ ഗവേണിംഗ്

കമ്മിറ്റിക്കുള്ളതാണ്. അനാവശ്യമായി ആളുകളെ തിരികിക്കയറ്റിയും അനാവശ്യമായ പോസ്റ്റിംഗുകൾ നടത്തിയും വലിയ നഷ്ടമുണ്ടാക്കിയതിന്റെ ഉത്തരവാദിത്തം അവിടത്തെ ഗവേണിംഗ് കമ്മിറ്റിക്കാണ്. ആ ഉത്തരവാദിത്തം പാവപ്പെട്ട വിദ്യാർത്ഥികളുടെ തലയിൽ വയ്ക്കരുത്. നിങ്ങൾ ഏറ്റെടുക്കുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. അവിടെ 24 പി.ആർ.ഒ.മാരെ വച്ചു എന്നാണ് വിവരം. ശരിയാണോ എന്നെനിക്കറിയില്ല. അങ്ങനെ സ്റ്റാഫുകളെ നിയോഗിച്ചതിന്റെ ഫലമായിട്ടാണ് ഇത്രയും നഷ്ടം പരിയാരം മെഡിക്കൽ കോളേജിനുണ്ടായത്. ഇവിടെ തലവരിപ്പണമില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇന്നും അദ്ദേഹമത് ആവർത്തിച്ചു. ഇന്നലെ മലയാള മനോരമ ചാനലിലും 18-ാം തീയതി മുതൽ 21-ാം തീയതിവരെ മാതൃഭൂമിയുടെ ചാനലിലും രണ്ട് വാർത്താ പരമ്പര പുറത്തു കൊണ്ടുവരുന്നു. സ്വാശ്രയ മാനേജ്മെന്റുകൾ വൻതോതിലുള്ള കൊള്ള നടത്തി തലവരിപ്പണം വാങ്ങുന്നു എന്നാണ് ആ വാർത്താ പരമ്പരയിൽ പറയുന്നത്. ഗവൺമെന്റ് ആ വസ്തുത പരിശോധിക്കണം. അതുസംബന്ധിച്ചുള്ള സി.ഡി. ഞാനിവിടെ മേശപ്പുറത്തു വയ്ക്കുന്നു. ശ്രീ. ആർ. രാജേഷ് ഉൾപ്പെടെയുള്ളവർക്ക് പരിശോധിക്കാം. നിങ്ങൾ തെളിവുകൾ ചോദിച്ചല്ലോ. ഇതാണ് ആ തെളിവ്. ഈ തെളിവുള്ള സി.ഡി. അങ്ങയുടെ

അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. (സി.ഡി. മേശപ്പുറത്തു വച്ചു). ഈ സി.ഡി. പരിശോധിക്കണം. മനോരമ ചാനലിലും മാതൃഭൂമി ചാനലിലും രണ്ടുമൂന്നു ദിവസമായി വന്ന ശബ്ദരേഖകളാണ്. ശബ്ദരേഖയ്ക്കുവേണ്ടി എന്തു ബഹളമുണ്ടാക്കിയ ആളുകളാണ് നിങ്ങൾ. ശ്രീ. എ. കെ. ബാലൻ, ശബ്ദരേഖയോട് എന്തുമാത്രം പ്രേമം കാണിച്ച ആളുകളാണ് നിങ്ങൾ. നിങ്ങൾ ഈ ശബ്ദരേഖ പരിശോധിക്കണം. പരിശോധിച്ചാൽ നിങ്ങൾക്ക് ബോധ്യപ്പെടും. ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം ഏത് ഗ്രഹത്തിലാണ് ജീവിക്കുന്നതെന്ന് എനിക്കറിയില്ല. ക്യാപിറ്റേഷൻ ഫീസ് വാങ്ങിക്കുന്നതിന്റെ ശബ്ദരേഖ പുറത്തുവരുമ്പോൾ എന്താണ് നിങ്ങൾക്കു പറയാനുള്ളത്. തലവരിപ്പണം വാങ്ങാതിരിക്കാനാണ് ഫീസ് കൂട്ടിക്കൊടുത്തതെന്ന് പറഞ്ഞു. തലവരിപ്പണവും വാങ്ങുന്നു, ഫീസും കൂട്ടുന്നു, മറ്റെല്ലാ വിധത്തിലുമുള്ള കോഴയും വാങ്ങുന്നു. പണം വാങ്ങുന്നു. ഒരു മെഡിക്കൽ സീറ്റിന് 1.10 കോടി രൂപ വരെ ഫീസ് കൊടുക്കേണ്ട ദുഃസ്ഥിതി കേരളത്തിൽ ഉണ്ടായിരിക്കുന്നു. അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. സർക്കാർ നിർദ്ദേശം ലംഘിക്കുന്നു, സ്പോട്ട് അഡ്മിഷൻ നടക്കുന്നു. ഗവൺമെന്റിന് എന്ത് നിയന്ത്രണമാണുള്ളത്. ഇതിനെ തടയാൻ ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കും. മാത്രമല്ല കുട്ടികൾക്ക് മെറിറ്റ്

സീറ്റിൽ.....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നത് സഭ വളരെ ആദരവോടുകൂടിയാണ് കേട്ടുകൊണ്ടിരിക്കുന്നത്. അങ്ങ് ഈ കഴിഞ്ഞ നാലഞ്ചു ദിവസവും അങ്ങയുടെ സാധാരണഗതിയിലുള്ള പെരുമാറ്റം മാറ്റി വച്ചിട്ട് സഭയിൽ മുഖ്യമന്ത്രിയെപ്പറ്റി പറയാൻ പാടില്ലാത്ത പലതും പറഞ്ഞു. ഇപ്പോഴെന്താണ് പറഞ്ഞത്. "ഏത് ഗ്രഹത്തിലാണ് മുഖ്യമന്ത്രി ജീവിക്കുന്നത്" എന്നാണ്. ലോകത്ത് എവിടെയെങ്കിലും ഒരു പ്രതിപക്ഷ നേതാവ് സഭയിൽ അങ്ങനെ പറയുമോ; നിങ്ങൾ പറഞ്ഞോളൂ. അങ്ങനെ പറയുന്ന പ്രതിപക്ഷ നേതാവിനോട് ഏത് നരകത്തിലാണ് നിങ്ങൾ ജീവിക്കുന്നതെന്ന് ഞാൻ ചോദിച്ചാൽ ഓർഡറിലാകുമോ. അങ്ങനെ പറയാൻ പാടില്ല. അത് പിൻവലിക്കണം. സ്വയം പിൻവലിക്കണം. അങ്ങനെ പറയാൻ പാടില്ല. ഞാനങ്ങനെ ചോദിക്കാൻ പാടില്ലെന്നുമാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ജി. സുധാകരൻ പലതും പറയും. അതിനൊന്നും മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിന് മറുപടിക്ക് അർഹനല്ല. (...ബഹളം....)

<u>ശ്രീ. കെ. എം. മാണി</u>: സർ, നരകത്തിൽ വേണ്ട. ശുദ്ധീകരണ സ്ഥലത്തിലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിടക്കണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സഭയിൽ മറുപടി പറയാൻ പാടില്ലെന്ന് പറയാൻ ഇയാളാരാണ്. ഇയാളെ ഞാൻ അംഗീകരിക്കില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് അനുവദിച്ചതാണ്. ഞാനാണ് സംസാരിക്കുന്നത്. I am on my legs. പാവപ്പെട്ട കുട്ടികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരമില്ലാത്തൊരു സാഹചര്യമുണ്ടാകുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: സർ, സ്പോട്ട് അഡ്മിഷൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അനുവദിച്ചു എന്നു പറയുന്നത് ശരിയല്ലാത്ത കാര്യമാണ്. സ്വാശ്രയ മാനേജ്മെന്റുകളുടെ അലോട്ട്മെന്റ് 28-ാം തീയതിയോടുകൂടി പൂർത്തിയായി. അവർക്ക് സ്പോട്ട് അഡ്മിഷൻ നടത്താനുള്ള അനുവാദം കൊടുത്തിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ പാവപ്പെട്ട കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ പഠിക്കാനുള്ള അവസരമുണ്ടാകുന്ന സാഹചര്യം, പരിയാരം സഹകരണ മേഖലയിൽ ഉണ്ടായിരിക്കുന്ന വമ്പിച്ച ഫീസ് വർദ്ധനവ് സ്വാശ്രയ മേഖലയിലെ ആളുകൾക്ക് ഈ കൊള്ളയ്ക്കൊരു പ്രചോദനം നൽകി എന്നുള്ളതാണ് നമുക്ക്

കാണാൻ സാധിക്കുന്നത്. ഈ രീതിയിലുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. അതിനെ അംഗീകരിക്കാൻ നിവൃത്തിയില്ല. ഇവിടെ യു.ഡി.എഫ്. എം.എൽ.എ.മാർ നിരാഹാരം കിടക്കുന്നു. നിരാഹാര സമരത്തോട് ഗവൺമെന്റിന്റെ സമീപനമെന്താണ്; ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദനെങ്കിലും അവരെപ്പോയി കണ്ടു. മുഖ്യമന്ത്രി വന്നു കാണണമെന്നൊന്നും ഞാൻ പറയുന്നില്ല. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവരെപ്പോയി കണ്ടു. ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാട് അവസാനിപ്പിക്കണം. കേരളത്തിലെ യു.ഡി.എഫ് ഒറ്റക്കെട്ടായി ഈ സമര രംഗത്ത് നിൽക്കുകയാണ്. ഗവൺമെന്റിന്റെ പിടിവാശി അവസാനിപ്പിക്കുന്നില്ലെങ്കിൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ പ്രശ്നത്തിലെടുത്ത നിലപാടുകൾ തികച്ചും ജനവിരുദ്ധമാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിരുദ്ധമാണ്. സ്വകാര്യ മാനേജുമെന്റുകൾക്ക് കേരളത്തെ കൊള്ളയടിക്കാനുള്ള അവസരം കൊടുത്ത ഗവൺമെന്റിന്റെ നടപടി ഒരു കാരണവശാലും അംഗീകരിക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ സഭയിൽ വാക്കൗട്ട് നടത്തുന്നില്ല. ഈ സഭയിൽത്തന്നെ ഇരുന്നുകൊണ്ട് പ്രതിഷേധിക്കാൻ ഈ സമയം ഞാൻ

ഉപയോഗിക്കുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രീ. കെ. എം. മാണി: സർ, ഗവൺമെന്റിന്റെ നിലപാടിൽ വലിയൊരു വൈരുദ്ധ്യമുണ്ട്. സ്വാശ്രയ കോളേജുകളിൽ തലവരി വാങ്ങുന്നു എന്നുള്ളത് യാഥാർത്ഥ്യമാണെന്ന് ഗവൺമെന്റ് ഒരുപക്ഷേ സമ്മതിക്കും. വേറൊരു വശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് 'ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാം' എന്നാണ്. ഇക്കാര്യം പറഞ്ഞ് സ്റ്റാമ്പൊട്ടിച്ച് ഗവൺമെന്റിന്റെ പിറകേ നടക്കണോ. ഇത് ഗവൺമെന്റിന് സ്വയം അറിയാവുന്ന കാര്യമാണ്. ഏതെങ്കിലുമൊരു കോളേജിനെതിരെ നിങ്ങൾ ഇതിനോടകം നടപടി സ്വീകരിക്കുകയുണ്ടായോ; നിങ്ങൾക്കൊരു മെഷിനറിയില്ലേ. നിങ്ങളുടെ മെഷിനറിയുപയോഗിച്ചുകൊണ്ട് ഒരു നടപടിയെടുക്കാൻ ഇതുവരെ കഴിയാതെ സ്വാശ്രയ കോളേജുകളുടെയും മാനേജുമെന്റുകളുടെയും മുൻപിൽ നിസ്സംഗരായി നിൽക്കുന്ന ഗവൺമെന്റിനെക്കുറിച്ച് ഒന്നും പറയാനില്ല. ഈ തെറ്റായ, ആക്ഷേപകരമായ നിലപാടിൽ

പ്രതിഷേധിച്ചുകൊണ്ട്, ഫീസ് വർദ്ധനയ്ക്ക് അനുകൂലമായി നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)